2024
മാർച്ച്
വാല്യം 17 | ലക്കം 3
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN





CCBI യുടെ ആഹ്വാനമനുസരിച്ച് വിജയപുരം രൂപതയിൽ
"CCBI Strategic Planning 2023-33" എന്ന ശില്പശാല VPC യിൽ നടത്തപ്പെട്ടു.



CDPI Kerala Region Gathering @ Vimalagiri Cathedral




അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ്
വിശുദ്ധ കുർബാന അർപ്പിച്ച് തുടക്കം കുറിച്ച പീരുമേട് ഫൊറോന കൺവൻഷൻ

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2024 MARCH** Registered Newspaper, Reg. No. KERMAL/2008/24745 **Vol.17 • No.3**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ

6.. **APPOINTMENTS AND TRANSFERS**

9.. മദർ ഏലീശ്വ എന്ന പുണ്യനദി

11. മദർ ഏലീശ്വ 'ധന്യ' പദവിയിൽ

13. ബി. ഇ.സി. പ്രവർത്തനങ്ങൾ

15. വിജയപുരത്തിന്റെ ഇടവഴിയിലൂടെ...

23. മദർ ഏലീശ്വ

29 ഇടവക വാർത്തകൾ

33. വി.എസ്.എസ്.എസ്. വാർത്തകൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial



# വിശുദ്ധവാരത്തിലൂടെ ഉത്ഥാനത്തിലേക്ക്

**ഈ** വർഷം മാർച്ച് മാസത്തിലെ അവസാനത്തെ ആഴ്ച വിശുദ്ധവാരമാണ്. മാർച്ച് 24 മുതൽ 31 വരെ. നമ്മുടെ ആരാധനാവത്സരത്തിലെ ഏറ്റവും പ്രധാന ആഴ്ചയാണ് വിശുദ്ധവാരം. പീഡാനുഭവ ഞായർ എന്നറിയപ്പെടുന്ന ഓശാന ഞായറാഴ്ചയിൽ ആരംഭിച്ച്, ഉത്ഥാന ഞായറിൽ പൂർണ്ണമാകുന്നതാണ് വിശുദ്ധവാരം. നമ്മുടെ എല്ലാ കൂദാശകളുടെയും ആരംഭവും അടിസ്ഥാനവും വിശുദ്ധവാര തിരുക്കർമ്മങ്ങളിലാണ് നമുക്ക് ദർശിക്കാനാവുക. വിഭൂതി ബുധനാഴ്ച ആരംഭിച്ച തപസുകാലത്തിന്റെ 40-ാം നാളിലാണ് വിശുദ്ധവാരം ആരംഭിക്കുക. വിശുദ്ധവാരം തീരുന്നതിന്റെ 50-ാം നാളിലാണ് പെന്തക്കോസ്തതിരുനാൾ. വിശുദ്ധവാരത്തിനൊരുക്കമാണ് തപസുകാലത്തുനടക്കുക. വിശുദ്ധവാരത്തിന്റെ ഫലമാണ് പെസഹാകാലത്ത് നാം അനുഭവിക്കുക. വിശുദ്ധവാരം പെസഹാദിനങ്ങളാണ്, വിശേഷിച്ച് പെസഹാ വ്യാഴാഴ്ച ആരംഭിച്ച് ഈസ്റ്ററിൽ പൂർണമാകുന്ന 'പെസഹാ ത്രിദിനങ്ങൾ' പെസഹാ എന്നത് കടന്നുപോക്കാണ്. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക്, അസത്യത്തിൽ നിന്ന് സത്യത്തിലേക്ക്, മരണത്തിൽ നിന്ന് ജീവനിലേക്ക്, അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുപോക്ക്. അങ്ങനെ, യേശുവോടൊത്ത് പാപത്തിന് മരിച്ച് ദൈവത്തിനായി ജീവിക്കാൻ നാം വിളിക്കപ്പെടുന്നു പെസഹാ ദിനങ്ങളിലൂടെ.

മാർച്ച് 24-ാം തീയതി **ഓശാന ഞായറാഴ്ച** കുരുത്തോല കയ്യിലേന്തി ഓശാന പാടി നമ്മുടെ രാജാധിരാജനെ നാം എതിരേല്ക്കണം. നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും കൂട്ടായ്മയിലേക്കും സമൂഹത്തിലേക്കും ലോകത്തിലേക്കും യേശു എന്നും ഏവർക്കും രക്ഷയേകിക്കൊണ്ട്, വിശ്വാസസമ്രാട്ടായി നമ്മിൽ വാഴട്ടെ. ഒപ്പം പീഡാനുഭവ ഞായറാഴ്ചയായ അന്ന് ദിവ്യബലിയിൽ യേശുവിന്റെ പീഡാനുഭവം ശ്രവിച്ചും ധ്യാനിച്ചും ശിഷ്യത്വത്തിലെ വിലയെ നമുക്ക് ബോധപ്പെടാം.

28-ാം തീയതി **പെസഹാ വ്യാഴാഴ്ചയാണ്**. അന്നാണ് പൗരോഹിത്യവും ദിവ്യബലിയും യേശു സ്ഥാപിച്ചത്. അന്നു രാവിലെ തിരുത്തൈലാശിർവാദ പൂജ നടത്തപ്പെടും. (നമ്മുടെ രൂപതയിൽ അത് 27-ാം തീയതിയിലാണ് ആഘോഷിക്കപ്പെടുക.) ആ ദിവ്യബലിയിൽവച്ച് തിരുത്തൈലങ്ങൾ

ആശിർവ്വദിക്കപ്പെടുക മാത്രമല്ല വൈദികരുടെ വ്രത വാഗ്ദാന നവീകരണവും നടത്തപ്പെടും. കത്തീഡ്രലിൽ വച്ചാണ് ഈ തിരുക്കർമ്മങ്ങൾ നടക്കുക. അന്നു വൈകിട്ട് എല്ലാ ദൈവാലയങ്ങളിലും തിരുവത്താഴ ബലി അർപ്പിക്കപ്പെടും. അതിൽ പങ്കുചേർന്ന് കാലുകഴുകൽ ശുശ്രൂഷയിലൂടെ നമുക്ക് പൂർണ്ണശുദ്ധി പ്രാപിക്കാം. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന പുതിയ കല്പന ഗ്രഹിക്കാം. സ്നേഹത്തിൽ തന്റെ ശരീരവും രക്തവും പങ്കുവയ്ക്കുന്ന ദിവ്യബലിയിൽ പങ്കുചേരാം. തുടർന്ന് അവനോടൊത്ത് പൂങ്കാവനത്തിലായിരുന്ന് ഉണർന്നിരുന്ന് പ്രാർത്ഥിക്കാം.

29-ാം തീയതി **ദുഃഖവെള്ളിയാണ്**. നമുക്കെല്ലാം രക്ഷയേകാൻ ദൈവപുത്രനായ യേശുനാഥൻ കാൽവരികുരിശിൽ നിത്യബലിയിർപ്പിച്ച 'നല്ല വെള്ളി' അന്ന് കുരിശിന്റെ വഴി നടത്തി. കുരിശുമെടുത്ത് നമുക്ക് യേശുവിനെ അനുഗമിക്കാം. യോഹന്നാന്റെ സുവിശേഷത്തിലെ പീഢാനുഭവചരിത്രം ശ്രവിച്ച് കാൽവരിക്കുരിശിന്റെ കീഴേ നിന്ന്, നമുക്ക് ക്രൂശിതനെ ധ്യാനിക്കാം. അവനെ നമുക്ക് നോക്കാം. കേൾക്കാം. അവനെ ചുംബിക്കാം. അവിടുന്ന് കുരിശിൽ പ്രകടമാക്കിയ സ്നേഹത്തിനും കുരിശിലൂടെ സാധിച്ച രക്ഷക്കും നന്ദിപറയാം. അവന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽ നിന്ന് നിർഗളിക്കുന്ന രക്തവും വെള്ളവും (ജീവനും ആത്മാവും) നമ്മിലേക്ക് ഏറ്റവുവാങ്ങാം. അവന്റെ സഹനത്തെ ധ്യാനിച്ച് നമ്മുടെ സഹനത്തെ അവന്റെ സഹനത്തോട് ഒന്നുചേർക്കാനും നമ്മുടെ സഹനങ്ങളെ അതിജീവിക്കാൻ വേണ്ട ശക്തിയും മാതൃകയും ഉൾക്കൊള്ളാനും ശ്രദ്ധിക്കാം.

30-ാം തീയതി **വലിയ ശനിയാഴ്ച** രാവിലെ പ്രഭാത പ്രാർത്ഥനക്കായി നമുക്ക് ദൈവാലയത്തിൽ ഒരുമിച്ചുകൂടാം. അന്ന് രാത്രിയിൽ ഒരുമിച്ചുകൂടി വിശുദ്ധ ഗ്രന്ഥം വായിച്ചും സങ്കീർത്തനം ആലപിച്ചും പ്രാർത്ഥിച്ചും പെസഹാ ജാഗരമനുഷ്ടിക്കാം. പുത്തൻ തീ ആശിർവദിച്ചും ഉത്ഥിതന്റെ പ്രതീകമായ പെസഹാതിരി കത്തിച്ചും ഗ്ലോറിയയും അല്ലേലൂയയും ആലപിച്ചും (തപസുകാലത്ത് അവ ഒഴിവാക്കിയിരുന്നല്ലോ) ഉത്ഥാനത്തിന്റെ സുവിശേഷം ശ്രവിച്ചും നമുക്ക് ഉത്ഥിതനെ കണ്ടുമുട്ടാം. പുത്തൻവെള്ളം വെഞ്ചരിച്ചും കത്തിച്ച തിരികളുമായി നിന്ന് നമ്മുടെ ജ്ഞാനസ്നാനവ്രതം നവീകരിച്ചും ഉത്ഥിതനേകുന്ന പുതുജീവൻ നമുക്കു പുണരാം. ഏറ്റം പ്രധാനമായി ദിവ്യബലിയിൽ പങ്കുചേർന്ന് ഉത്ഥിതനെ അനുഭവിച്ചും ഉൾക്കൊണ്ടും ശരീരത്തിലും മനസ്സിലും ആത്മാവിലും ഉത്ഥിതന്റെ ചൈതന്യത്താൽ നിറഞ്ഞ് ഞാനല്ല, ഉത്ഥിതനായ ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്ന ബോധത്തോടെ അവനേകുന്ന സ്നേഹത്താലും സമാധാനത്താലും സന്തോഷത്താലും സംതൃപ്തിയാലും നിറഞ്ഞ് അവന്റെ സാക്ഷികളും ശുശ്രൂഷകരും പ്രവർത്തകരുമായി നമുക്ക് ലോകത്തിൽ പ്രശോഭിക്കാം.

***"ഏവർക്കും ഉത്ഥാനതിരുനാൾ ആശംസകൾ"***

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS

**Rev. Fr. Vincent Paramel** is appointed as the Vicar Forane of District V of the Diocese of Vijayapuram.

**Very Rev. Fr. Immanuel Joji Chempara** is transferred from Thodupuzha and is appointed as the parish priest of Mary Queens Church, Nedumudy.

**Rev. Fr. Isaac Padinjarekuttu** is transferred from Nedumudy and is appointed as the Parish Priest of St. Teresa of Culcutta Church, Thodupuzha.

**Rev. Fr. Joseph Jibin Mundassery** is transferred from Vandiperiyar and is appointed as the Parish Priest in Charge of St. Antony's Church, Thalayar.

**Rev. Fr. Philip Joshi Thevarkalathil** is transferred from Thalayar and is appointed as the Parish Priest in Charge of Ave Maria Church, Devikulam.

**Rev. Fr. Johnson Joseph Ottathengunkal** is transferred from Devikulam and is appointed as the Parish Priest of St. Joseph's Church, Aranakal

**Rev. Fr. Paul Nelson Kanappilly** is transferred from Aranackal and is appointed as the Parish Priest of Little Flower Church, Ranny

**Rev. Fr. Ajeesh Thundipparakkel CSJBP** is transferred from Ranny and is appointed as the Parish Priest of St. Joseph's Church, Viswanathapuram

**Rev. Fr. Antony Raj Kannisserry** is transferred from Viswanathapuram and is appointed as the parish priest of St. Jude's Church, Kallar-Vettiyar.

**Rev. Fr. Varghese (Tijo) Mattappalliyil** is relieved of his responsibility at Kallar-vattiyar and is sent abroad for higher studies.

**Rev. Fr. Ginson George** is appointed as the Parish Priest of St. Joseph's Church, Propose

**Rev. Fr. Albert Mathew Kumpalolil** is Transferred from Propose and is appointed as the Parish Priest of St. Mary's Church, Kurumulloor

**Rev. Fr. Thomas (Jophy) Vallathumchira** is transferred from Kurumulloor and is appointed as the Parish Priest of St. Peter's Church, Kumarakom

**Rev. Fr. Dennis Joseph Kannamalil** is transferred from Kumarakom and is appointed as the Parish Priest of St. Michael's Church, Pothy

**Rev. Fr. Augustine T. Kallarackal** is transferred from Pothy and is appointed as the Parish Priest of St. Boniface Church, Pattithanam. He is also appointed as the Vicar Forane of District II of the Diocese of Vijayapuram.

**Very Rev. Fr. Gregory Koottummel** who is in his retirement age is relieved of his active responsibilities in the Diocese, especially as the Parish Priest of St. Boniface Church, Pattithanam . He will reside at St. Pius X Priests' home at Vimalagiri.

**Rev. Fr. Tomy Chirackalpurayidathil MSFS** is transferred from Yendayar and is appointed as the Parish Priest of Mount Carmel Church, Kunnumbhagom.

**Rev. Fr. Joseph Poovathumkal** is transferred from Kunnumbhagom and is appointed as the Parish Priest of Holy Cross Church, Vaisiambhagom.

**Rev. Fr. Joseph Kanappilly** is transferred from Vaisiambhagom and is appointed as the Parish Priest of St. Theresa's Church, Pakkil

**Rev. Fr. Sebastian Olikkara** is transferred from Pakkil and is appointed as the Parish Priest of St. Sebastian's Church, Pullarikkunnu

**Rev. Fr. Xavier Mammoottil** is transferred from Pullarikkunnu and is appointed as the Parish Priest of St. Joseph's Church, Yendayar

**Rev. Fr. Philip Joshi Thevarkalathil,** the Parish Priest of Thalayar, is given additional responsibilities by appointing him as the Director of MISTS, AC MISTS and the Munnar Region of Vijayapuram Social Service Society.

**Rev. Fr. Joseph (Benchemin) Thalakottuchalill** is appointed as the Assistant Parish Priest of Assumption Church, Vandiperiyar.

**Rev. Fr. Anas Paul Karottunalunnel** is appointed as the Assistant Parish Priest of Mount Carmel Church, Munnar.

**Rev. Fr. Fernandez (Jithin Mathew) Kottamedu** is appointed as the Assistant Parish Priest of St. Mary's Church, Mundakayam.

**Rev. Fr. Joseph Kurian (Jomin) Nellimala** is appointed as the Assistant Parish Priest of Sacred Heart Church, Pambanar.

**Rev. Fr. Derin Vaz** is relieved of his responsibility as the Assistant Parish Priest of Sacred Heart Church, Pambanar.

**Rev. Fr. John Jinson Thomas Mattuppiliyil** is relieved of his responsibility as the Secretary to the Bishop and the Director o Liturgy commission of Vijayapuram Diocese and is sent for higher studies.

**Rev. Fr. Xavier Valiatharayil (Midhun Dominic)** is appointed as the Assistant Parish Priest of St. Mary's Church, Manercadu, and office secretary of the Bishop

**Rev. Fr. Moncy Varghese, CP** is relieved of his responsibility at Munnar as he is to return to his congregation.

---

**നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റു.**
**അവൻ മരണത്തെ കീഴടക്കി.**
**വിശ്വസിക്കുന്ന ഏവർക്കും അവൻ**
**സ്വർഗത്തിന്റെ കവാടങ്ങൾ തുറന്നു!**

കർത്താവായ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ വിജയാഘോഷമാണ് ഈസ്റ്റർ. യേശു ക്രിസ്തുവിൽ വെളിപ്പെട്ട ദൈവ സ്നേഹം കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റത് വിശ്വാസത്തിന്റെ കണ്ണുകളോടെ കാണാനുള്ള അവസരമാണിത്. വിശുദ്ധ അഗസ്റ്റിൻ നമ്മെ ഓർമ്മിപ്പിക്കുന്നു:

**"നമ്മൾ ഒരു ഈസ്റ്റർ ജനതയാണ്."**

**"അല്ലേലൂയാ നമ്മുടെ ഹൃദയഗാനമാണ്."**

നമ്മുടെ ഈസ്റ്റർ വിശ്വാസത്തിന്റെ മഹത്തായ രഹസ്യം ക്രിസ്തു മരിച്ചു. അവൻ ഉയിത്തെഴുന്നേറ്റു. ക്രിസ്തു വീണ്ടും വരും എന്നതാണ്. ഈ ഈസ്റ്റർ സന്തോഷത്താൽ രൂപാന്തരപ്പെടാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥന്റെ ജീവിതം നമുക്ക് ആത്മദാനത്തിന്റെയും ആത്മത്യാഗത്തിന്റെയും മാതൃകയായി മാറുന്നു. ജീവിതത്തിൽ പുതുമയിൽ ക്രിസ്തുവിനൊപ്പം ഉയിർത്തെഴുന്നേൽക്കുമ്പോൾ ഈ ഈസ്റ്റർ നമുക്ക് സന്തോഷവും പ്രത്യാശയും നൽകട്ടെ!

***ഈസ്റ്റർ ആശംസകൾ!***

# മദർ ഏലീശ്വ എന്ന പുണ്യനദി



**സിസ്റ്റർ. മേഴ്സി ജൂഡി സി.റ്റി.സി**
ഫാത്തിമ മാതാ കോൺവെന്റ്,
ദേവമാതാ പ്രൊവിൻസ് കോട്ടയം

"എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും." (യോഹ. 7, 38) കർമ്മലീത്താചൈതന്യം സ്വീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സന്യാസിനിയും, കേരളക്കരയിലെ പ്രഥമ സമർപ്പിതയും, ആദ്യത്തെ തദ്ദേശീയ സന്യാസിനിസഭയുടെ സ്ഥാപികയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മദർ ഏലീശ്വ വാകയിൽ ഒഴുകുന്നിടങ്ങളിലെല്ലാം ജീവൻ നൽകുന്ന നദി പോലെ വിശ്വാസത്തിന്റെ ജീവജലം ഹൃദയത്തിൽ പേറി ആത്മീയ തലത്തിൽ മാത്രമല്ല സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ അനിഷേധ്യമായ വ്യക്തിമുദ്ര പതിപ്പിച്ച ധന്യാത്മാവാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിലും കേരളക്കരയിൽ ഓച്ചന്തുരുത്തിൽ നിന്നും നിർഗ്ഗളിച്ച ഈ കൊച്ചരുവി കൂനമ്മാവിലും വരാപ്പുഴയിലും ഒഴുകി ഇന്ന് ലോകസമക്ഷം മഹാനദിയായി ധന്യതയുടെ തീരങ്ങളിൽ അലയടിച്ചു ഒഴുകുന്നു. ആദ്യത്തെ സന്ന്യാസിനിസമൂഹം, കോൺവെന്റിനോട് ചേർന്ന് പെൺകുട്ടികൾക്കായുള്ള ആദ്യത്തെ സ്ക്കൂൾ, ബോർഡിങ്, അനാഥശാല എന്നിവ ആരംഭിച്ച് പ്രാദേശീയസഭയിലെ കുടുംബ പുനരുജ്ജീവനത്തിനും, ഇന്ത്യയിലെ സങ്കീർണ്ണമായ സാമൂഹികവും മതപരവുമായ പശ്ചാത്തലത്തിൽ സ്ത്രീകളുടെ സമഗ്ര ഉന്നമനത്തിനും തന്റെ ജീവിതം മുഴുവനും സമർപ്പിച്ചു. കുട്ടിക്കാലം മുതൽ ദൈവമാതൃഭക്തിയും യേശുവിനെ ഹൃദയത്തിൽ പൂജിച്ചിരുന്നവളുമായിരുന്ന മദർ ഏലീശ്വ ദൈവികപുണ്യങ്ങളിൽ അടിയുറച്ച ജീവിതം നയിച്ചിരുന്നു. നലംതികഞ്ഞ കർമ്മലീത്താ പാരമ്പര്യത്തിന്റെ ഉപാസകയും ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഉദാത്തമാതൃകയുമായിരുന്ന മദർ ഏലീശ്വ മനുഷ്യ നിർമിതമായ ലോകത്തിന്റെ കെട്ടുപാടുകൾ വിടുവിച്ചു അദ്ഭുതകരമായ ദൈവപരിപാലനയുടെയും ദൈവാശ്രയത്വത്തിന്റെയും ജീവിതത്തിലൂടെ എല്ലാ സമർപ്പിതർക്കും മുന്നേ ഒഴുകി നിത്യജീവനിലേക്കു ലയിച്ച ധന്യാത്മാവാണ്. 'തമ്പുരാൻ' എന്ന മൂന്നക്ഷരം മാത്രമാണ് നമ്മുടെയുള്ളിൽ വേണ്ടത്. (കുസുമവല്ലരികൾ, 5) എന്ന സ്വന്തം വാക്കുകൾ ശ്രദ്ധിച്ചാൽ മതി, ഈ പുണ്യ നദിയുടെ വിശുദ്ധി മനസിലാക്കാൻ. വരാപ്പുഴ സ്മൃതിമന്ദിരത്തിലെ കബറിടത്തിൽ അശരണരും ആലംബഹീനരുമായ അനേകായിരങ്ങൾ ദൈവസ്നേഹ ത്തിന്റെ തെളിനീര് യാചിച്ചുകൊണ്ട് എത്തുന്നു. ആത്മീയ ബന്ധനങ്ങൾ, കുടുംബപ്രശ്നങ്ങൾ, സാമ്പത്തികത്തകർച്ചകൾ, വിവാഹതടസ്സം,




അനപത്യദുഃഖം, രോഗപീഡകൾ എന്നിങ്ങനെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം തേടി ഈ ദ്വീപിലേക്ക് എല്ലാ വ്യാഴാഴ്ച്ചയും ജനപ്രവാഹം തന്നെയാണ്. പരിശുദ്ധാത്മാവാകുന്ന ജീവജലത്തിൽ നിന്നും പാനം ചെയ്ത ഈ പുണ്യനദി അനർഗളം ഒഴുകികൊണ്ടിരിക്കുന്നു അനേകരെ ദൈവസ്നേഹമാകുന്ന മഹാസമുദ്രത്തിലേക്ക് നയിച്ചുകൊണ്ട്.

---

## പരേതരെ സ്മരിക്കാം – മാർച്ച്

| | | |
|---|---|---|
| 03 | (2008) | ഫാ. തോമസ് വിരുത്തിയിൽ |
| 05 | (1987) | ഫാ. തോമസ് ചാലുങ്കൽ |
| 10 | (1983) | ഫാ. വില്യം ഒ.സി.ഡി. |
| 12 | (1951) | ഫാ. ഡൊസിതേവൂസ് ഒ.സി.ഡി. |
| 14 | (1995) | ഫാ. സക്കറിയാസ് കാഞ്ഞിക്കൽ |
| 19 | (1991) | ഫാ. ഫ്രാൻസിസ് എക്സ്. ഡി. അരുജ |
| 22 | (1996) | ഫാ. ജോർജ്ജ് പരിയാരം |
| 25 | (1969) | ഫാ. മാത്യു നാരംവേലി |
| 26 | (1958) | ബിഷപ് ബൊനവന്തൂരാ അരാന ഒ.സി.ഡി. |
| 27 | (2007) | ഫാ. മൈക്കിൾ കളത്തിൽ ഒ.സി.ഡി. |
| 30 | (1986) | ഫാ. ബൊനവെഞ്ചർ ഒ.സി.ഡി. |

# മദർ ഏലീശ്വ 'ധന്യ' പദവിയിൽ

**സിസ്റ്റർ. ലിറ്റിൽ ഫ്ളവർ സി.റ്റി.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ, ദേവമാതാ പ്രൊവിൻസ്, കോട്ടയം

മദർ ഏലീശ്വയുടെ ധന്യ പദവി പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള കൃതജ്ഞതാ ദിവ്യബലി, ജനുവരി 6, 2024, ശനിയാഴ്ച വൈകുന്നേരം 4.30 ന്, വരാപ്പുഴ സെന്റ് ജോസഫ്സ് കോൺവെന്റ് അങ്കണത്തിൽ വച്ച് നടന്നു.

ഫ്രാൻസീസ് പാപ്പ 2023 നവംബർ 8ന് വത്തിക്കാനിൽ സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ വച്ച് മദർ ഏലീശ്വയുടെ വീരോചിതമായ പുണ്യജീവിതം അംഗീകരിച്ചുകൊണ്ട് 'ധന്യ' എന്ന പ്രഖ്യാപനം നടത്താനുള്ള അനുമതി നല്കി. കത്തോലിക്കാ സഭയിലെ വിശ്വാസസമൂഹത്തിനു മുഴുവൻ അനുകരിക്കാവുന്ന ഉത്തമ മാതൃകയാണ് ധന്യ മദർ ഏലീശ്വയുടെ സുകൃതപൂർണ്ണമായ ജീവിതം എന്നാണ് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം. മദർ ഏലീശ്വയുടെ നാമകരണ നടപടികളുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ റോമിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ധന്യ പദവിയൊടനുബന്ധിച്ചു എറണാകുളം വരാപ്പുഴ സ്മൃതി മന്ദിരത്തിൽ വച്ച് ജനുവരി 6 നു 8 വൈദിക മേലധ്യക്ഷന്മാരുടെയും 90 വൈദികരുടെയും 300 ൽ പരം സന്യസിനിമാരുടെയും 3000ത്തിൽ പരം വിശ്വാസിസമൂഹത്തിന്റെയും സാന്നിധ്യത്തിൽ കൃതജ്ഞതാബലി നടത്തി.

രാവിലെ 9.30 നു മദർ ഏലീശ്വയുടെ ജൻമസ്ഥലമായ ഓച്ചന്തുരുത്തിൽ നിന്നും ഛായാചിത്രപ്രയാണം കൂനമ്മാവിൽ കൊണ്ടുവരികയും അവിടെ വച്ച് ദീപശിഖ കത്തിച്ചു ഛായാചിത്രത്തോടൊപ്പം വരാപ്പുഴ സ്മൃതിമന്ദിരത്തിലേക്ക് എത്തിക്കുകയും ബഹു. മദർ ജനറൽ സൂസമ്മയും വരാപ്പുഴവികാരി റവ. ഫാദർ ജോഷി ജോർജ് കൊടിയന്തര ഓ.സി ഡിയും കൂടി ഏറ്റുവാങ്ങുകയും ചെയ്തു.. ദിവ്യബലിക്ക് ശേഷം കേരളവാണി മദർ ഏലീശ്വ സൂക്തങ്ങളുടെ ആരംഭവും മദർ ഏലീശ്വയുടെ വീരോചിതപുണ്യങ്ങളെ അധികരിച്ചുള്ള പുസ്തക പ്രകാശനവും തുടർന്ന് സ്ത്രീശാക്തീരണരംഗത്തും സാമൂഹിക നിർമിതിക്കും പ്രശസ്ത സേവനം ചെയ്യുന്ന ഒരു വനിതക്ക് അവാർഡ് ദാനവും നൽകി.

ദിവ്യബലിക്കുമുമ്പു തിരുവനന്തപുരം ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് നെറ്റോ ഛായാചിത്രം അനാച്ഛാദനം ചെയ്തു. മുഖ്യ കാർമ്മികൻ വരാപ്പുഴ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ജോയ് കളത്തിപ്പറമ്പിൽ, മദർ ഏലീശ്വ അതിരൂപതക്കും കേരളസഭക്കു പൊതുവിലും അഭിമാനവും മാതൃകയും ആണെന്ന് പറഞ്ഞു. വിശുദ്ധ കുർബാന മദ്ധ്യേ പുനലൂർ മെത്രാൻ അഭിവന്ദ്യ സെൽവസ്റ്റർ പൊന്നുമുത്തൻ മദർ ഏലീശ്വയുടെ വീരോചിത പുണ്യങ്ങളെപറ്റി പ്രസംഗിച്ചു.




## ജന്മദിനാശംസകൾ

| | |
|---|---|
| 01 | ഫാ. മാത്യു വ്യാക്കഴ |
| 02 | ഫാ. ലീനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ |
| 04 | ഫാ. ജോസഫ് കുറ്റിക്കാട്ടിൽ |
| 05 | ഫാ. യോഹന്നാൻ (ജോസ്) കൈതക്കുഴി |
| 10 | ഫാ. സേവ്യർ ചെറുനെല്ലാടിയിൽ |
| 11 | ഫാ. ജോൺ കുന്നത്തുകുഴി |
| 12 | ഫാ. ജോസഫ് ചെറുകാക്രാംചേരിൽ |
| 12 | മോൺ. ജോസ് നവസ് പുത്തൻപറമ്പിൽ |
| 22 | ഫാ. ആന്റണി പാട്ടപ്പറമ്പിൽ |
| 25 | ഫാ. അലക്സാണ്ടർ കുമ്പളത്തുപറമ്പിൽ |

**മാർച്ച്**



ജൂബിലി നിറവിൽ പട്ടിത്താനം മേഖലയുടെ ഫൊറോന വികാരിയായി സേവനം ചെയ്യുന്നതിനിടയിൽ സജീവ പൗരോഹിത്യ ശുശ്രൂഷയിൽ നിന്നും വിരമിക്കുന്ന പെരിയ ബഹു. ഗ്രിഗറി കൂട്ടുമ്മേൽ പുതുതായി ഫൊറോന വികാരിയായി ചാർജ്ജെടുത്ത പെരിയ. ബഹു. അഗസ്റ്റിൻ കല്ലറയ്ക്കലിനോടൊപ്പം.

# ബി.ഇ.സി. പ്രവർത്തനങ്ങൾ

ചാക്കോ ജോസഫ് തേവരുപറമ്പിൽ, മുണ്ടക്കയം

ആദിമക്രൈസ്തവ സഭയുടെ അടിസ്ഥാന എക്ലേസിയൽ കമ്മ്യൂണിറ്റി (ബി. ഇ. സി.) കൂട്ടായ്മയുടെ ചൈതന്യം (അ. പ്ര.4:32) ഉൾക്കൊണ്ടുകൊണ്ട് സഭയിൽ കുടുംബ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ സജീവവും, ഫലദായകവും ആയിത്തീരുന്നതിനു വേണ്ടിയുള്ള ചെറുകൂട്ടായ്മകളാണ്, ബി ഇ.സി. ഈ കൂട്ടായ്മകൾക്കു ബി.സി.സി, എസ്. സി. സി. എന്നും പല പേരുകളിലും അറിയപ്പെടുന്നുണ്ട്. അടിസ്ഥാന ദൈവജന സമൂഹം (ബി.ഇ.സി)കൂടുതൽ സ്വീകാര്യമായി ഇപ്പോൾ കാണുന്നു. സഭ വിശ്വാസ സമൂഹത്തെ ദൈവജനം (എക്ലേസിയ) എന്നാണു സംബോധന ചെയ്യുന്നത്. സിനഡാത്മക കാഴ്ചപ്പാടിൽ ദൈവജനം സഭയുടെ മുഖം ആണ്. തീർത്ഥാടക സഭയിൽ ദൈവജനത്തിന്റെ സ്ഥാനം മറ്റു ഘടകങ്ങളുമായി ചേർത്തു നിർത്തുമ്പോൾ വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. ഈയൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കുടുംബ കൂട്ടായ്മകളുടെ പ്രസക്തിയും പ്രവർത്തനങ്ങളും വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

എന്താണ് കുടുംബകൂട്ടായ്മ എന്ന നിർവ്വചനത്തിനപ്പുറം, എന്തുകൊണ്ട്? എങ്ങനെ? എന്നതിന് കൂടുതൽ പ്രസക്തിയുണ്ട്. ഇത് ഒരു പ്രാർത്ഥനാകൂട്ടായ്മ എന്നതിനപ്പുറം സഭയുടെ അംഗങ്ങളുടെ സംഗമവേദിയും, പ്രവർത്തന വേദിയുമായി മാറണം. ഓരോ വ്യക്തിയുടെയും അഭിപ്രായങ്ങൾ മാനിക്കപ്പെടണം. സഭ മുന്നോട്ടുവയ്ക്കുന്ന കാതലായ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും വേണം. പൊതുസമൂഹത്തിൽ സ്വാധീനം ഉണ്ടാക്കുവാൻ കുടുംബകൂട്ടായ്മകൾക്കു കഴിയണം.

വളരെ കൃത്യമായ പ്ലാനിംഗ് എല്ലാക്കാര്യത്തിലും ഉണ്ടാകണം. രണ്ടു പ്രധാന ഘട്ടങ്ങൾ ഓരോ കുടുംബ കൂട്ടായ്മകൾക്കും കാണാൻ കഴിയും. ഇവ പ്രാർത്ഥനയും, സമ്മേളനവും (മീറ്റിംഗ്) ആണ്. ഇവ രണ്ടും ഇടകലർത്തുകയോ, ലഘൂകരിക്കുകയോ ചെയ്യാതിരിക്കണം. ക്രമീകരണം, സമയം എന്നിവയിൽ ശ്രദ്ധയുണ്ടാകണം. കൂട്ടായ്മകളിൽ പ്രാർത്ഥനയുടെ ഘട്ടം സഭ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടു വേണം ക്രമീകരിക്കുവാൻ. ദൈവവചനത്തിനു പ്രമുഖ സ്ഥാനം നൽകണം. സ്വീകാര്യമായ പല രീതികളും ഇതിൽ ഉപയോഗിക്കാം. പ്രാർത്ഥനകളിൽ എല്ലാവരുടെയും ഭാഗഭാഗിത്വം ഉണ്ടാകണം. സപ്തതല വചന വിചിന്തനം ഉപയോഗപ്പെടുത്താം; രൂപതയുടെ പൊതു നിർദ്ദേശങ്ങൾ പാലിക്കപ്പെടാം.

സമ്മേളനങ്ങൾ കാര്യക്ഷമവും ഫലദായകവും ആക്കി മാറ്റാൻ നേതൃത്വത്തിലുള്ളവരുടെ ഇടപെടൽ വളരെ അനിവാര്യമാണ്. ഇവർക്ക് ആവശ്യമായ മുന്നൊരുക്കും ഉണ്ടായിരിക്കണം. മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ, ശുശ്രൂഷാ സമിതി അംഗങ്ങൾ എന്നിവരുടെ കൂട്ടായ ഇടപെടൽ ഇ

തിന് അനിവാര്യമാണ്. ചർച്ചകൾ വഴിതിരിച്ചു വിടുന്നതും, തീരുമാനങ്ങൾ ഉണ്ടാകുന്നതിൽ താമസം വരുത്തുന്നതും ഒഴിവാക്കപ്പെടണം. റിപ്പോർട്ടുകൾ, കണക്കുകൾ, രേഖകൾ എന്നിവ സൂക്ഷിക്കപ്പെടണം. മേൽക്കോയ്മകൾ, ഏകപക്ഷിയമായ തീരുമാനങ്ങൾ എന്നിവ സമ്മേളനങ്ങളുടെ ആരോഗ്യകരമായ നടത്തിപ്പിനു തടസ്സമുണ്ടാക്കും.

കുടുംബകൂട്ടായ്മകൾ എപ്പോഴും സ്നേഹ കൂട്ടായ്മകളായിത്തീരേണ്ടതാണ്. വ്യക്തിപരമായ കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനിക്കുകയോ ചെയ്യുന്നത് ഒഴിവാക്കണം. സഭാധികാരികളുടെ നിർദ്ദേശങ്ങളും, മേൽനോട്ടവും എല്ലാ ക്കാര്യങ്ങളിലും അനിവാര്യമാണ്. ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെ പിന്നിൽ കൂട്ടായ്മയും, ഏകോപനവും, പങ്കുവയ്ക്കലുമുണ്ട്. നമ്മുടെ ഓരോ ഇടവകയിലെയും കുടുംബ കൂട്ടായ്മകൾ ഇതിനുള്ള വേദികളായി മാറണം.

---



# വിജയപുരത്തിന്റെ ഇടയവഴിയുടെ ചരിത്രത്തിലൂടെ...

**രതീഷ് ഭജനമഠം, ആലപ്പുഴ**

**കേ**രളത്തിലെ ഏറ്റവും വിസ്തൃതമായ റോമൻ കത്തോലിക്ക രൂപതയും വിവിധ ഭാഷ- സാംസ്കാരങ്ങളുടെ സംഗമഭൂമിയുമാണ് മഞ്ഞുമ്മേൽ കർമ്മലീത്താസഭയിലെ പ്രേഷിത ശ്രേഷ്ഠനും പാവങ്ങളുടെ അപ്പസ്തോലനുമായ ബ്രദർ റോക്കി പാലയ്ക്കലിന്റെയും വിദേശ കർമ്മലീത്താ മിഷണറിമാരുടെയും ഏറെ പൂജ്യമായ സ്മരണകൾ ഉണർത്തുന്ന വിജയപുരം രൂപത. കേരളത്തിലെ കിഴക്കൻ മേഖലയിലെ പ്രധാന ലത്തീൻ കത്തോലിക്ക കേന്ദ്രവും വലിയ മിഷൻ രൂപതയുമായ വിജയപുരത്തിന്റെ ചരിത്രത്തിൽ ആദ്യമായി പിന്തുർച്ചവകാശമില്ലാത്ത സഹായമെത്രാനായി, വികാരി ജനറാലായിരുന്ന അഭിവന്ദ്യ വെരി. റവ. മോൺ ജസ്റ്റിൻ അലക്സാണ്ടർ മടത്തിപ്പറമ്പിലിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചത് കേരള ലത്തീൻ സഭാ സമൂഹത്തെ ഏറെ സന്തോഷപ്രദമാക്കിയ ചരിത്ര മുഹൂർത്തമായിരുന്നു. 18-ാം നൂറ്റാണ്ടിലും 19-ാം നൂറ്റാണ്ടിലും വാരപ്പുഴ, കൊച്ചി, കൊല്ലം, ആലപ്പുഴ തുടങ്ങിയ ലത്തീൻ രൂപതാ പ്രദേശങ്ങളിൽ നിന്ന് റോമൻ കത്തോലിക്കർ ജോലിയ്ക്കും മറ്റുമായി വിജയപുരം രൂപത ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ അധിവസിച്ചു തുടങ്ങി. വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയവരായ ലത്തീൻ കത്തോലിക്കരാണ് ഈ രൂപതയിലെ ആദ്യ അംഗങ്ങൾ. അതുപോലെ തമിഴ്നാത്തിലെ പല രത്തീൻ രൂപതകളിൽ നിനന്നുള്ള വിശ്വാസികൾ ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിയേറിട്ടുണ്ട്. ഡോ. ലെയോനാർഡ് മെല്ലാനോ വരാപ്പുഴയുടെ അജപാലനദൗത്യം നിർവ്വഹിച്ചു വരുന്ന കാലത്താണ് ഈ പ്രദേശത്തെ മിഷൻ പ്രചരണത്തിനായി കർമ്മലീത്താ മിഷണറിമാരെ നിയോഗിച്ചത്. ഈ പ്രദേശത്തെ പിന്നോക്കരും അധഃസ്ഥിതരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ദളിത് ജനവിഭാഗങ്ങൾക്കിടയിൽ ക്രിസ്തുവിന്റെ സ്നേഹസന്ദേശവുമായി എത്തിയ പ്രധാന മിഷണറിയായിരുന്നു മഞ്ഞുമ്മേൽ കർമ്മലീത്താ സഭയിലെ സന്നാസ് സഹോദരനും പള്ളിപ്പിറം മഞ്ഞുമാതാ ഇടവകാംഗവുമായ ബ്ര. റോക്കിപാലയ്ക്കൽ. വിജയപുരം രൂപത ഉൾകൊള്ളുന്ന പ്രദേശങ്ങളിൽ അതിതീക്ഷ്ണമായ പ്രേഷിത പ്രവർത്തനങ്ങൾ അർപ്പിച്ച ബ്ര. റോക്കിയെ വരാപ്പുഴ ആർച്ച് ബിഷപ്പായിരുന്ന ഡോ. ബർണാർഡ് ആർശിൻ സോണിസും സഹായ മെത്രാനായിരുന്ന ഡോ. മർസലിനോസ് പിതാവും ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു. കർമ്മലീത്താ മിഷണറിമാരുടെ സുവിശേഷപ്രചരണം വഴി ദളിത് മേഖലയിൽ നിന്ന് അനേകർ സത്യവിശ്വാസം സ്വീകരിച്ചു.

ബ്ര. റോക്കിയുടെയും മിഷണറിമാരുടെയും നേതൃത്വത്തിൽ കോട്ടയം

കേന്ദ്രമാക്കി നടന്ന അതിബ്രഹത്തായ പ്രേഷിതപ്രവവർത്തനങ്ങളാണ് വിജയപുരം രൂപത സ്ഥാപിക്കുന്നതിന് വഴി തെളിച്ചത്. വരാപ്പുഴ ആർച്ച് ബിഷപ്പായിരുന്ന ഏയ്ഞ്ചൽ മേരി പിതാവ് ഭരണ സൗകാര്യർത്ഥം അതിരൂപതയെ 1927-ൽ ഉത്തരഭാഗം/ ദക്ഷിണഭാഗം എന്ന് രണ്ടായി തിരിക്കുകയും കോട്ടയം ഉൾപ്പെടുന്ന ദക്ഷിണമേഖലയുടെ വികാരിജനറാലായി മോൺ. ബൊനവന്തുര അരാനാ ഒ.സി.ഡി. യെ നിയമിക്കുകയും ചെയ്തു. തുടർന്ന് 1930 ജൂലൈ 14-ന് വരാപ്പുഴ അതിരൂപതക്ക് **ക്രിസ്തിനോമെൻ** എന്ന തിരുവെഴുത്തുവഴി രൂപത സ്ഥാപിക്കുകയും മോൺ. ബൊനവന്തുരായെ അഡ്മിനിസ്ട്രേറ്ററായും തുടർന്ന് ആദ്യ ബിഷപ്പായി നിയമിക്കുകയും ചെയ്തു. ഇന്നത്തെ കോട്ടയം, ഇടുക്കി ജില്ലകൾ പൂർണ്ണമായും ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകൾ ഭാഗികമായും ഉൾക്കൊള്ളുന്നതാണ്. കേരള സഭയിൽ 9-ാംമത്തെതും കേരള റോമൻ റീത്തിൽ 5-ാം മത്തെതുമായി നിലവിൽവന്ന "വിജയപുരം രൂപത."

**ബിഷപ്പ് ബൊനവന്തൂര അരാന ഒ.സി.ഡി.** വിജയപൂരം രൂപതയുടെ ആദ്യമെത്രാനായി നിയമിതനായ ഡോ. ബൊനവന്തൂര അരാന സ്പെയിനിലെ വൈറിസ് എന്ന പ്രദേശത്ത് 1880 ജനുവരി 22ന് ജനിച്ചു. സ്കൂൾ പഠനശേഷം 1896-ൽ കർമ്മലീത്താ സഭയിൽ ചേർന്ന അദ്ദേഹം 1897-ൽ സന്ന്യാസവ്രതവും 1905 ജൂൺ 25ന് പൗരോഹിത്യപദവിയും സ്വീകരിച്ച് അതേ വർഷം തന്നെ മിഷൻ പ്രചരണത്തിനായി കേരളക്കരയിൽ എത്തി. എറണാകുളം സെന്റെ ആൽബർട്സ് സ്കൂൾ ഫ്രീഫെക്ട്/ ചാതുത്ത് പള്ളി വികാരി, കോട്ടയം മിഷൻ വികാരി, കർമ്മലീത്താ മിഷണറിമാരുടെ പ്രൊവിൻഷ്യാൽ വികാരി, വരാപ്പുഴ അതിരൂപത വികാരി ജനറാൾ എന്നീ ഉത്തരവാദിത്വങ്ങളിൽ സേവനമർപ്പിച്ച അദ്ദേഹത്തെ 1931 മാർച്ച് 31ന് വിജയപുരത്തിന്റെ പ്രഥമ മെത്രാനായി റോമിൽ നിന്ന് നിയമിച്ചു. 1931 ജൂൺ 29ന് മെത്രാനായി അഭിഷിക്തനായ ബൊനവന്തൂര പിതാവിന് വിജയപുരത്തിന്റെ ആദ്യമെത്രാൻ എന്ന നിലയ്ക്ക് രൂപത ചരിത്രത്തിൽ പ്രധാന സ്ഥാനമുണ്ട്. ബഹുഭൂരിപക്ഷം ദളിത്- പിന്നോക്ക മേഖലയിലെ വിശ്വാസികൾ അധിവസിക്കുന്ന രൂപതയുടെ വളർച്ചയിൽ അടിസ്ഥാന ശിലപാകിയ അദ്ദേഹം ഈ മിഷൻ രൂപതയുടെ ആത്മീയ-സാമൂഹിക-സാംസ്കാരിക ഭൗതിക രംഗങ്ങളിലെ വളർച്ചയ്ക്കായി ഏറെ പരിശ്രമിച്ചു. ദൈവവിളി വർദ്ധിക്കുവാൻ മാർഗ്ഗദർശനം നൽകിയ അദ്ദേഹം, വിരമിക്കുന്ന വൈദികരുടെ സംരക്ഷണത്തിനായി പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തി. പിതാവിന്റെ കാലത്ത് പല കോൺവെന്റുകൾ രൂപതയിൽ ആരംഭിച്ചു. മിഷൻ പ്രചരണത്തിനും മറ്റുമായി നിരവധി ഉപദേശിമാരെ പരിശീലിപ്പിച്ച് നിയമിച്ചു. അജഗണത്തിന്റെ വിദ്യാഭ്യാസത്തിനും മതബോധനത്തിനും, വലിയ പ്രാധാന്യം നൽകിയ പിതാവ് യേശുവിന്റെ തിരുഹൃദയഭക്തി, മറിയത്തിന്റെ വിമലഹൃദയഭക്തി, ജപമാല ഭക്തി, കർമ്മലോത്തരീയ ഭക്തി തുടങ്ങിയ ഭക്തികൃത്യങ്ങളെ ഏറെ പ്രോത്സാഹിപ്പി

ച്ചു. പിതാവിന്റെ പരിശ്രമഫലമായി പള്ളികളുടെ എണ്ണം 27-ൽ നിന്നും 70 ായും വിശ്വാസികൾ 29,000 ത്തിൽ നിന്നും 55,700 ആയും ഉയർന്നു. 1950-ൽ രൂപതാ ഭരണത്തിൽ നിന്ന് വിരമിച്ച് കോട്ടയം നല്ലയിടയൻ ആശ്രമത്തിൽ ഏകാന്തമായ സന്ന്യാസ ജീവിതം നയിച്ചുവന്ന പിതാവിന്റെ വലിയ സേവനങ്ങൾക്കുള്ള അംഗീകാരമായി 12-ാം പീയൂസ് പാപ്പ അസിസ്റ്റന്റ് ടു ദ പൊന്റഫിക്കൽ ത്രോൺ എന്ന ഉന്നത സ്ഥാനം നൽകി ആദരിച്ചു. 1958 മാർച്ച് 26-ന് ദിവംഗതനായ ബൊനവന്തൂര പിതാവിനെ നല്ലയിടയൻ പള്ളിയുടെ അൾത്താരയ്ക്ക് അടുത്തായി സംസ്കരിച്ചു.

ബിഷപ്പ് അംബ്രോസ് അബസോള ഒ.സി.ഡി.- ബൊനവന്തൂര പിതാവിന്റെ പിൻഗാമിയായും വിജയപുരം രൂപതയുടെ രണ്ടാമത്തെ ബിഷപ്പായു നിയമിതനായ ഡോ. അംബ്രോസ് അബസോള സ്പെയിനിലെ ബാസ്ക്ക് പ്രദേശത്തെ അമോരെബിയെത്ത എന്ന സ്ഥലത്ത് 1904 സെപ്റ്റംബർ 23 -ന് ജനിച്ചു. 1920-ൽ കർമ്മലീത്ത സഭയിൽ ചേർന്ന് 1927 സെപ്റ്റംബർ 24ന് പൗരോഹിത്യ പദവി സ്വീകരിച്ച അദ്ദേഹം 1931 മിഷൻ പ്രചരണത്തിനായി കേരളത്തിൽ വന്നു. എറണാകുളം സെന്റെ തെരേസാസ് ആശ്രമത്തിൽ ശുശ്രൂഷ അർപ്പിച്ച പണ്ഡിത ശ്രേഷ്ഠനായ അദ്ദേഹം തുടർന്ന് ആലുവ സെന്റ് ജോസഫ് അപ്പസ്തോലിക് സെമിനാരിയിൽ പ്രൊഫസറായി നയമിതനായി. 1949 ഡിസംബർ 25-ന് വിജയപുരം രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി 12-ാം പീയൂസ് പാപ്പ നിയമിച്ച മോൺ. അംബ്രോസിന്റെ മെത്രാഭിഷേക കർമ്മം 1950 ജൂൺ 11-ന് സ്പെയിനിലെ ബിൽബാവോയിലെ കർമ്മേലോ ദെബെഗോത്ത എന്ന കർമ്മലീത്ത ആശ്രമത്തിൽ വച്ച് നടന്നു. 1950 ഒക്ടോബർ 19-ന് രൂപതാ ഭരണം ഏറ്റെടുത്ത അദ്ദേഹം തദ്ദേശീ. വൈദികരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിനായി ബിഷപ്പ് ഹൗസിനടുത്തായി ഒരു മൈനർ സെമിനാരി ആരംഭിച്ചു. ആത്മീക നവോത്ഥാനത്തിനായി അദ്ദേഹത്തിന്റെ കാലത്ത് രണ്ട് സന്ന്യാസ ആശ്രമങ്ങളും 18 കോൺവെന്റുകളും രൂപതയിൽ ആരംഭിച്ചു. കലാശില്പ ചാരുതയാർന്ന വിമലഗിരി കത്തീഡ്രൽ പിതാവിന്റെ പരിശ്രമഫലമായാണ് നിർമ്മാണം പൂർത്തികരിച്ച് 1964-ൽ ആശീർവദിച്ചത്. എളിമയുടെയും ജീവിതലാളിത്യത്തിന്റെയും മഹോന്നതമായ മാതൃകയായിരുന്നു പിതാവ് കാറു മറ്റ് വലിയ സൗകര്യങ്ങളും ഉപേക്ഷിച്ച് യാത്രകൾക്ക് ബസും ടാക്സിയും ട്രെയിനിലെ താഴ്ന്ന ക്ലാസുകളുമായി ഉപയോഗിച്ചിരുന്നത്. മെത്രാസന മന്ദിരത്തിൽ നിന്ന് സായ്ഹങ്ങളിൽ വിമലഗിരി കത്തീഡ്രലിലേക്ക് അദ്ദേഹം നടന്നാണ് പോയിരുന്നത്. രൂപതയുടെ ഹൈറേഞ്ച് മേകലയുടെ ഉന്നമനത്തിനായി അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. വിദ്യാഭ്യാസ മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകിയിരുന്ന അദ്ദേഹത്തിന്റെ ശ്രമഫലമായി പ്രൈമറി സ്കൂളുകളും 5 ഹൈസ്ക്കൂളുകളും ഒരു ട്രെയിനിംഗ് സ്ക്കൂളും ആരംഭിച്ചു. രൂപതാ ഭരണം തദ്ദേശീയരുടെ കൈകളിൽ ഏൽപ്പിക്കേണ്ട സമയം

കഴിഞ്ഞു എന്ന് ബോധ്യപ്പെട്ട അംബ്രോസ് പിതാവ് 1971-ൽ രൂപതാ ഭരണത്തിൽ നിന്ന് വിരമിച്ച് സ്വദേശമായ സ്പെയിനിലേക്ക് മടങ്ങി. എളിമയുടെയും വിനയത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപമായ അംബ്രോസ് അബസോള പിതാവ് സ്പെയിനിലെ ഡന്റാർസർ എന്ന കർമ്മലീത്താ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചുവരവേ 1982 ജനുവരി 10ന് ദിംവഗതനായി.

ആർച്ച് ബിഷപ് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ അംബ്രോസ് പിതാവിന്റെ പിൻഗാമിയായും വിജയപുരത്തിന്റെ മൂന്നാമത്തെ മെത്രാനും പ്രഥമ തദ്ദേശീയ മെത്രാനായും നിയമിതനായ ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് കോട്ടപ്പുറം  രൂപതയിലെ കാരമൗണ്ട് കാർമ്മൽ ഇടവകയിലെ ഇലഞ്ഞിക്കൽ കുടുംബത്തിലെ കുഞ്ഞുവര-ത്രേസ്യാ ദമ്പതികളുടെ മകനായി 1918 സെപ്റ്റംബർ 8ന് ജനിച്ചു. പ്രാഥമികപഠനത്തിന് ശേഷം വൈദിക പഠനത്തിനായി എറണാകുളം സെന്റ് ജോസഫ്സ് മൈനർഡ സെമിനാരിയിൽ ചേർന്ന അദ്ദേഹം തുടർന്ന് ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്നും തത്ത്വശാസ്ത്ര പഠനം നടത്തി. തുടർന്ന് റോമിലെ പ്രൊപ്പാഗാന്ത കോളേജിൽ നിന്ന് തത്ത്വശാസ്ത്രത്തിലും കാനാൻ നിയമത്തിലും അദ്ദേഹം ഡോക്ടറേറ്റും ബിരുദം നേടി. പാണ്ഡിത്യത്തിൽ ഉന്നതനായിരുന്ന അദ്ദേഹം ഹിന്ദുമതം, ഹിന്ദുമതതത്ത്വശാസ്ത്രം എന്നിവയിൽ പ്രത്യേകം പഠനം നടത്തി. 1945 മാർച്ച് 18-ന് അദ്ദേഹം പൗരോഹിക്യപദവി സ്വീകരിച്ചു. തുടർന്ന് വരാപ്പുഴ അതിരൂപതയിൽ തിരിച്ചെത്തിയ അദ്ദേഹം ച.. പള്ളി സഹ വികാരി, എറണാകുളം കത്തീഡ്രൽ സഹവികാരി, ആർച്ച് ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ സെക്രട്ടറി, മൈനർ സെമിനാരി റെക്ടർ, പ്രോ- വികാരി ജനറൽ, വികാരി ജനറൽ, അട്ടിപ്പേറ്റി പിതാവിന്റെ മരണശേഷം അതിരൂപത വികാർജനറൽ  തുടങ്ങിയ പല ഉത്തരവാദിത്വങ്ങളിലും സേവനമർപ്പിച്ചു. തുടർന്ന് 1971-ൽ വിജയപുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായി ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലിനെ വിശുദ്ധപോൾ ആറാമൻ പാപ്പ നിയമിച്ചു. 1971 ഏപ്രിൽ 4ന് എറണാകുളം സെന്റ് ആൽബർട്സ് സ്കൂൾ ഗ്രൗണ്ടിൽ വച്ച് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെയും വരാപ്പുഴയുടെ ആർച്ച് ബിഷപ്പായി നിയമിതനായ ഡോ. ജോസഫ് കേളന്തറയുടെയും മെത്രാഭിഷേക കർമ്മം കർദ്ദിനാൾ സൈമൺ ലൂർദ് സ്വാമിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ആധുനിക വിജയപുരത്തതിന്റെ ശില്പിയായ അദ്ദേഹത്തിന്റെ ഭരണക്കാലം രൂപതയിൽ ഒരു നവയുഗ പിറവിയായിരന്നു. ദളിത് പിന്നോക്ക മേഖലയിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ച കത്തോലിക്കർ ബഹുഭൂരിപക്ഷമുള്ള ഈ രൂപതയെ അദ്ദേഹം നവോത്ഥാനത്തിന്റെയും പുരോഗതിയുടെയും പാതയിലൂടെ മുന്നോട്ട് നയിച്ചു. ഏറെ പിന്നോക്കവസ്ഥയിലുള്ള രൂപതയുടെ സമഗ്രവികസതിനുവേണ്ടി അദ്ദേഹം ദീർഘവീക്ഷണത്തോടെ നിരവധി പദ്ധതികൾ ആരംഭിച്ചു. രൂപ

തയിലെ അജപാലനം, മതബോധനം, വിശ്വാസ പ്രചരണം, വിദ്യാഭ്യാസം, സാമൂഹിക സേവനം തുടങ്ങിയ വിവിധ രംഗങ്ങളുടെ നവോത്ഥാനത്തിനും ഉണർവിനുമായി അദ്ദേഹം വലിയ സേവനങ്ങളർപ്പിച്ചു. ദളിത് മേഖലയിൽ നിന്നുള്ള രൂപതയിലെ വിശ്വാസികളെ സമൂഹത്തിന്റെ മുൻപന്തിയിൽ കൊണ്ടുവരുവാൻ അദ്ദേഹം വലിയ പരിശ്രമങ്ങൾ നടത്തി. രൂപതയിൽ നിന്ന് തന്നെ നിരവധി ദൈവവിളികൾ ഉണ്ടാകുവാൻ വലിയ പ്രോത്സാഹനങ്ങൾ നൽകിയ അദ്ദേഹം മൈനർ സെമിനാരി സൗകര്യപ്രദമായി കീഴ്ക്കുന്നിൽ ആരംഭിച്ചു. 1980-ൽ രൂപതയുടെ സുവർണ്ണ ജൂബിലി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മാതൃകാപരമായി ആചരിച്ചു. വരാപ്പുഴ ആർച്ച് ബിഷപ്പായിരുന്ന ജോസഫ് കേളന്തറ പിതാവ് ദിവംഗതനായിതിനെ തുടർന്ന് 1987-ൽ വി. ജോൺ പോൾ രണ്ടാമൻ പാപ്പാ, കൊർണേലിയൂസ് പിതാവിനെ വരാപ്പുഴ ആർച്ച് ബിഷപ്പായി നിയമിച്ചു. 9 വർഷക്കാലം വരാപ്പുഴയിൽ അജപാലദൗത്യം നിർവ്വഹിച്ച ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ 1996-ൽ വിരമിച്ച് വിശ്രമജീവിതം നയിച്ചു വരവേ 2011 ആഗസ്റ്റ് 7-ന് ദിവംഗതനായി.

ബിഷപ്പ് ഡോ. പീറ്റർ തുരുത്തിക്കോണം വിജയപുരത്തിന്റെ നാലാമത്തെ മെത്രാനും രണ്ടാമത്തെ തദ്ദേശീയ മെത്രാനും രൂപതയിൽ നിന്നുള്ള ആദ്യ ഇടയനുമായ ഡോ. പീറ്റർ തുരുത്തിക്കോണം പിതാവ് 1929 ആഗസ്റ്റ് ഒന്നിന് തിരുവല്ലയിലെ ആകലശ്ശേരി ഇടവകയിലെ വള്ളംകുളത്ത് തുരുത്തിക്കോണം കുടുംബത്തിലെ ജോസഫ് -ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പ്രാഥമിക പഠനശേഷം സെന്റ് ജോസഫ് അപ്പസ്തോലിക് സെമിനാരിയിലെ വൈദികപഠനത്തിനും ശേഷം അദ്ദേഹം 1959 മാർച്ച് 12-ന് ആർച്ച് ബിഷ്പ്പ് ഡോ. ജോസഫ് അട്ടിപ്പേറ്റിയിൽ നിന്ന് പൗരോഹിത്യ പദവി സ്വീകരിച്ചു. തുടർന്ന് തിരുവഞ്ചൂർ, കാഞ്ഞിരപ്പാറ, ചെങ്ങളം, വടവാതൂർ എന്നീ ഇടവകകളിൽ വികാരിയായി സേവനമർപ്പിച്ച അദ്ദേഹം അംബ്രോസ് പിതാവിന്റെ സെക്രട്ടറി, രൂപതാ ചാൻസലർ, പ്രോ. വികാരി ജനറൽ എന്നീ ഉത്തരവാദിത്വങ്ങളിലും പ്രവർത്തിച്ചു. കൊർണേലിയൂസ് പിതാവ് വരാപ്പുഴ ആർച്ച് ബിഷപ്പായിതിനെ തുടർന്ന് വിജയപുരം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തിരഞ്ഞെടുക്കപ്പെട്ട മോൺ. പീറ്റർ തുരുത്തിക്കോണത്തെ 1988 മെയ് 21-ന് റോമിൽ നിന്ന് വിജയപുരത്തിന്റെ നാലാമത്തെ മെത്രാനായി നിയമിച്ചു. വിമലഗിരി കത്തീഡ്രലിൽ വച്ച് 1988 ആഗസ്റ്റ് 4-നായിരുന്നു മെത്രാഭിഷേക കർമ്മം നടന്നത്. എല്ലാ മേഖലകളിലും രൂപതയുടെ സമഗ്രവികസനവും ഉന്നതിയും ലക്ഷ്യം വച്ച് കൊണ്ട് ദീർഘവീക്ഷണത്തോടെ അജപാലന ദൗത്യം നടത്തിയ അദ്ദേഹം ദളിത് പിന്നോക്ക മേഖലയിൽ നിന്ന് സത്യവിശ്വാസം സ്വീകരിച്ച രൂപതയിലെ അജഗരണത്തെ എല്ലാവിധത്തിലും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാൻ കഠിനപരിശ്രമം നടത്തി. പിന്നോക്കരും അധഃസ്ഥിതരുമായ ജനത്തിനുവേണ്ടി

ജീവിതം മുഴുവൻ സമർപ്പിച്ച അദ്ദേഹം ജീവിതക്കാലം മുഴുവൻ പിന്നോക്കമേഖലയിലെ ജനതകളുടെ ശബ്ദമായിരുന്നു. രൂപതയുടെയും വിശ്വാസികളുടെയും ആദ്ധ്യാത്മിക സാമൂഹിക- വിദ്യാഭ്യാസം സാംസ്കാരിക രംഗങ്ങളിളെ വളർച്ചയും നവോത്ഥാനവും മുന്നിൽ കണ്ട് കൊണ്ട് അദ്ദേഹം നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പാക്കി. ദളിത് ക്രൈസ്തവർക്ക് സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളും മറ്റും നേടിയെടുക്കുന്നതിന് വേണ്ടി അദ്ദേഹം കഠിനമായി പ്രയ്തിനിച്ചിട്ടുണ്ട്. പിന്നോക്ക ജനതയുടെ നീതിയ്ക്കായി എന്നും ശബ്ദിച്ചിരുന്ന അദ്ദേഹം കേരളത്തിലെയും ഭാരതത്തിലെയും കത്തോലിക്കാ മെത്രാൻ സമിതികളിൽ ദീർഘകാലം എസ്.സി./എസ്.ടി പിന്നോക്ക കമ്മീഷൻ ചെയർമാനായി വലിയ സേവനങ്ങൾ അർപ്പിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ദളിത് ക്രൈസ്തവരുടെ നീതിയ്ക്ക് വേണ്ടിയുള്ള നിരവധിയായ സമരങ്ങൾക്കും ജനമുന്നേറ്റങ്ങൾക്കു ഉപവാസ സത്യാഗ്രഹത്തിനും മറ്റും അദ്ദേഹം ശക്തമായ നേതൃത്ത്വമാണ് നൽകിയത്. വിജയപുരം രൂപതയെ ആത്മീയ-സാമൂഹിക-ഭൗതിക- മേഖകളിൽ നവോത്ഥാനപാതയിൽ നയിച്ച ബിഷപ്പ് പീറ്റർ തുരുത്തിക്കോണം പിതാവ് 2006-ൽ രൂപത ഭരണത്തിൽ നിന്ന് വിരമിച്ച് വിമലഗിരി ബിഷപ്സ് വില്ലയിൽ വിശ്രമജീവിതം നയിച്ചുവരവേ 2011 സെപ്റ്റംബർ 5ന് ദിവംഗതനായി.

ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ വിജയപുരം രൂപതയുടെ അഞ്ചാമത്തെ മെത്രാനും മൂന്നാമത്തെ തദ്ദേശീയ ഇടയനുമായ ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ കല്ലിശ്ശേരിയ്ക്ക് അടുത്തുള്ള വനവാതൂക്കര ഇടവകയിലെ പ്രയാറിലെ തെക്കെതേച്ചേരിൽ ദേവസ്യ- മറിയക്കുട്ടി ദമ്പതികളുടെ മകനായി 1954 ജൂലൈ 30ന് ജനിച്ചു, പഠനക്കാലശേഷം വിജയപുരം രൂപതാ മൈനർ സെമിനാരിയിൽ നിന്നും ആലുവ, മംഗലപ്പുഴ, കാർമ്മൽഗിരി പൊന്തിഫിക്കൽ സെമിനാരികളിൽ നിന്നും വൈദികപഠനം പൂർത്തിയാക്കിയ അദ്ദേഹത്തിന് 1980 ഡിംസബർ 18ന് കൊർണേലിയൂസ് പിതാവിൽ നിന്ന് പൗരോഹിത്യ പട്ടം ലഭിച്ചു. കൊർണേലിയൂസ് പിതാവിന്റെ സെക്രട്ടറിയായി വൈദിക ജീവിതം ആരംഭിച്ച അദ്ദേഹം ഹൈറേഞ്ചിലെ വിവിധ ദൈവാല.യങ്ങളിലും ചങ്ങനാശ്ശേരി, വടവാതൂർ, അമയന്നൂർ തുടങ്ങിയ ഇടവക പള്ളികളിലും വികാരിയായി സേവനം ചെയ്തിട്ടുണ്ട്. ഉപരിപഠനത്തിനായി റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ 1985-ൽ ചേർന്ന അദ്ദേഹത്തിന് കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. തുടർന്ന് നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം രൂപതയുടെ സാമൂഹിക വിഭാഗം ഡയറക്ടറായി 1989 ഡിസംബർ 15-ന് നിയമിതനായി. ഈ കാലയളവിൽ അദ്ദേഹം രൂപതയിലെ പിന്നോക്കവസ്ഥയിലുള്ള ജനതയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പല പദ്ധതികൾക്കും ആരംഭം കുറിച്ചു നടപ്പിലാക്കി. തുടർന്ന് രൂപതയുടെ ചാൻസലർ, വികാരി ജന

റൽ എന്നി ഉന്നത ഉത്തരവാദിത്വങ്ങളിൽ അദ്ദേഹം സേവനമർപ്പിച്ചു. പീറ്റർ പിതാവിന്റെ സപ്തതി, രൂപതാ പ്ലാറ്റിനം ജൂബിലി, രൂപത സിനഡ് തുടങ്ങിയ പ്രധാന ചരിത്രസംഭവങ്ങൾക്കെല്ലാം വികാരി ജനറൽ എന്ന നിലയ്ക്ക് അദ്ദേഹം മഹനീയ നേതൃത്വം നൽകി. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചുള്ള ആദ്ധ്യാത്മിക നവീകരണപ്രവർത്തനങ്ങൾക്കും സാമൂഹിക പ്രവർത്തനങ്ങൾക്കും അദ്ദേഹം വലിയ മാർഗ്ഗദർശനങ്ങൾ നൽകിയിരുന്നു. വികാരി ജനറൽ സ്ഥാനത്തു നിന്നും വിരമിച്ച് 2005-ൽ ജർമ്മനിയിലെ വ്യൂഡ്ബർഗ് രൂപതയിൽ വൈദിക ശുശഅരൂഷ നിർവ്വഹിച്ചു വരവേയാണ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിലിനെ ബെനഡിക്ട് പതിനാറാമൻ പാപ്പാ 2006 മെയ് 8ന് വിജയപുരം രൂപതയുടെ അഞ്ചാമത്തെ ബിഷപ്പായി നിയമിച്ചത്. വിമലഗിരി കത്തീഡ്രലിൽ വച്ച് 2006 ജൂലൈ 2നാണ് അദ്ദേഹം മെത്രാനായി അഭിഷിക്തനായത്. രൂപതയുടെ ആദ്ധ്യാത്മികവും സാമൂഹികവുമായ വളർച്ചയിൽ അദ്ദേഹം നിതാന്ത പരിശ്രമങ്ങളാണ് നടത്തി വരുന്നത്. മുൻഗാമികളെ പോലെ രൂപതയുടെ സമഗ്രമായ വികസമം ലക്ഷ്യമാക്കിയുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് വിജയപ്രദിമാക്കി നടപ്പിലാക്കിയാണ് അദ്ദേഹം അജപാലനദൈത്യം നിർവ്വഹിച്ചു വരുന്നത്.

ബിഷപ്പ് ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപ്പറമ്പിൽ- വിജയപുരം രൂപതയുടെ ആദ്യ ഒക്സലറി ബിഷപ്പായി ഫ്രാൻസിസ് പാപ്പാ നിയമിച്ചു. ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ പാമ്പനാർ തിരുഹൃദയ ഇടവകയിലെ മഠത്തിപ്പറമ്പിൽ അലക്സാണ്ടർ- തെരേസ ദമ്പതികളുടെ ഏകമകനായി 1972 ഏപ്രിൽ 6ന് ജനിച്ചു. കോട്ടയത്തെ ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയിലും ആലുവ കാർമ്മിൽഗിരി പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദികപഠനം നടത്തിയ അദ്ദേഹം റോമിലെ സെന്റ് ആൻസെൽമോ പൊന്തിഫിക്കൽ അത്തെനേവുമിൽ നിന്ന് ലിറ്റർജിയിൽ ലൈഡൻൻഷ്യേറ്റും ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോമാറഅറിക് തിയോളജയിൽ ഡോക്ടറേറ്റ് ബിരുദവും നേടി. 1996 ഡിസംബർ 27-ന് തുരുത്തിക്കോണം പിതാവ് വൈദികപദവിയിലേക്ക് ഉയർത്തിയ അദ്ദേഹം മൂന്നാർ ഇടവക സഹവികാരിയായാണ് വൈദിക ജീവിതം ആരംഭിച്ചത്. ഗുഡാർവിള, ഇടുക്കി ഇടവകകളിൽ വികാരിയായും, ഇടുക്കിക മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് ഡയറക്ടറായും സേവനം അർപ്പിച്ചതിനെ തുടർന്ന് അദ്ദേഹം ഇറ്റലിയിലെ പ്രാത്തോ രൂപതയിൽ 2006-2017 കാലഘട്ടത്ത് വൈദിക ശുശ്രൂഷ നിർവ്വഹിച്ചു. 2017-ൽ വിജയപുരം രൂപതയുടെ വികാരി ജനറാലിയ നിയമിതനായ അദ്ദേഹം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും രൂപത സ്കൂളുകളുടെ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെയും മൂന്നാർ ഇന്റഗ്രൽ സോഷ്യൽ ട്രാൻസ് ഫോർമേഷൻ സൊസൈറ്റിയുടെയും പ്രസിഡന്റായും പൊന്തിഫിക്കൽ അസോസിയേഷനുകളുടെയും സെമിനാരി- ക്ലേർജി

എന്നിവയ്ക്ക് വേണ്ടിയുള്ള കമ്മീഷന്റെയും ഡയറക്ടറായും അസ്സീസി ഇൻസ്റ്റിറ്റ്യൂഷൻസ് ഓഫ് നഴ്സിങ്ങിന്റെ ചെയർമാനായും സേവനം ചെയ്തു വരവേ 2024 ജനുവരി 13-ന് വിജയപുരം രൂപതയുടെ സഹായ മെത്രാനായും പുരാതന കോൺസ്റ്റാന്റിനോപ്പിളിലെ ലിസിനിയ സ്ഥാനിക രൂതയുടെ മെത്രാനായും ഫ്രാൻസിസ് പാപ്പാ നിയമിച്ചു. 2024 ഫെബ്രുവരി 12-ന് മെത്രാനായി അഭിഷേകം ചെയ്യപ്പെടുന്ന അഭിവന്ദ്യ ഡോ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ പിതാവിന്റെ ഇടയദൗത്യത്തിന് പ്രാർത്ഥന ആശംസകൾ നേർന്നു കൊണ്ട് നിർത്തുന്നു.

---

## പീരുമേട് ഫൊറോനാ ആത്മാഭിഷേക ബൈബിൾ കൺവൻഷൻ നടന്നു

കുട്ടിക്കാനം അത്ഭുത കുരിശ് അങ്കണത്തിൽ നന്ന പീരുമേട് ഫൊറോനാ ബൈബിൾ കൺവൻഷൻ വിജയപുരം രൂപതാദ്ധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ദിവ്യബലിയോടെ ഉത്ഘാടനം ചെയ്തു. സധൈര്യത്തോടെയുള്ള ദൈവവചന പ്രഘോഷണവും വചനാസ്യത ജീവിതവും കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കുടുംബങ്ങളെ പ്രാപ്തരാക്കുമെന്ന് സന്ദേശത്തിൽ അറിയിച്ചു. കോട്ടയം നാഗമ്പടം വിശുദ്ധ അന്തോണിസ് നോവേനാ കേന്ദ്ര ഡയറക്ടർ മോൺസിഞ്ഞോർ സെബാസ്റ്റ്യൻ പൂവത്തുങ്കൽ നേതൃത്വം നൽകി.

---

## ആദരാഞ്ജലികൾ



**സി. ജോസില്ല CSST**
കോട്ടയം സെന്റ് ജോസഫ്
കോൺവെന്റ് അംഗം



**സി.എ. തോമസ്**
കെ.സി.വൈ.എം. സംസ്ഥാന
ഡയറക്ടർ ഫാ. സ്റ്റീഫൻ
തോമസ് ചാലക്കരയുടെ പിതാവ്

# മദർ ഏലീശ്വ- ഭിക്ഷക്കാരിയായ സന്ന്യാസിനി ധന്യപദവിയിൽ

ജോസഫ് മാനിഷാദ് മട്ടയ്ക്കൽ കൊങ്ങോർപ്പിള്ളി

**ക**ത്തോലിക്കാസഭയിലെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുവാനുള്ള വഴിയിൽ മലയാളത്തിലെ ആദ്യസന്ന്യാസിനിയായ മദർ ഏലീശ്വ ഒരു ചുവടുകൂടി വച്ചിരിക്കുന്നു. ആരാണ് മദർ ഏലീശ്വാ? കുറച്ചുകാലമായിട്ട് നമ്മിൽ ബഹുഭൂരിപക്ഷം പേർക്കും അറിയാവുന്നത് സി.റ്റി. സി. സഭയുടെ സ്ഥാപിക എന്ന നിലയിലാണ്. എങ്കിൽ നമുക്ക് തെറ്റി. എങ്ങനെ തെറ്റി എന്നതിനുത്തരം, കേട്ടുകേൾവി ആയിട്ടും ആധുനിക മാധ്യമങ്ങൾ വഴിയും എന്നൊക്കെ പറയാനാവും. വായിച്ചിട്ടുള്ള പല പുസ്തകങ്ങളിലും ഇങ്ങനെയൊക്കെ ആണ് കുറിച്ചുവച്ചിരിക്കുന്നതും. സത്യത്തിൽ ആരാണ് മദർ ഏലീശ്വാ?

ഓച്ചന്തുരുത്ത് കുരിശിങ്കൽ ഇടവകയിലെ വൈപ്പിശ്ശേരി കുടുംബത്തിൽ പിറന്ന്, കൂനമ്മാവ് ഇടവക വാകയിൽ വത്തരുവിന്റെ ഭാര്യയായി അന്ന എന്ന മകളെ പ്രസവിച്ച്, മകൾക്ക് ഒന്നര വയസ്സുള്ളപ്പോൾ വിധവയായി മാറിയ ഒരു സ്ത്രീ. മറ്റൊരു വിവാഹത്തിന് ഒരുക്കമല്ലാതെ സ്വർഗ്ഗീയ മണവാളനു വേണ്ടി ഇനിയുള്ള ജീവിതം സമർപ്പിക്കാൻ സ്വയം തീരുമാനിക്കുക വഴി ചരിത്രത്തിൽ ഇടംപിടിക്കാൻ നിയുക്തയായവൾ. എങ്കിലും ചരിത്രം അവളെ പുറംതിരിച്ചു നിർത്തുകയാണ് ഇതുവരെ ചെയ്തത്. കാരണം അവൾ കർമ്മലീത്താ സന്ന്യാസത്തിന്റെ അന്തഃസത്തയിൽ കാച്ചിയെടുക്കപ്പെട്ടതു കൊണ്ടുതന്നെ.

ലൗകികമോഹങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ട് ആത്മീയതയുടെ മൂടുപടത്തിനുള്ളിൽ ജീവിക്കാൻ വെമ്പിയ കാലത്ത് കുമ്പസാരക്കാരനായിരുന്ന ഫാ. ലെയോപ്പോൾഡ് ഒ.സി.ഡി.യുടെ പക്കൽ, തന്റെ മുപ്പത്തിയഞ്ചാം വയസ്സിൽ വിശുദ്ധ വഴികളിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള ഉപദേശം തേടുകവഴി തുറന്നുകിട്ടിയത് സ്വർഗ്ഗീയമണവാളനെ നിത്യമായി സ്വന്തമാക്കാനുള്ള അവസരമായിരുന്നു. അതിന് മകൾ അന്നയും കൂടെ നിന്നതോടെ കാര്യങ്ങളൊക്കെ എളുപ്പമായി ചേച്ചിയുടെ ആത്മീയ വളർച്ച കണ്ട കുഞ്ഞനുജത്തി ത്രേസ്യയും ഇവരോടൊപ്പം ചേർന്നതോടെ പുതിയൊരു ജീവിതക്രമം രൂപമെടുത്തു.

## ഇനി അല്പം ചരിത്രപശ്ചാത്തലം

വരാപ്പുഴ വികാരിയത്തിന്റെ അപ്പസ്തോലിക്കയായിരുന്ന ഡോ. ബർണ്ണർഡിൻ ബച്ചിനെല്ലിയെന്ന മിഷണറി വര്യൻ (1853–1888) വികാരിയത്തിൽ കന്യാസ്ത്രീകൾക്കായി ഒരു മഠം പണിയാൻ തീരുമാനിച്ചു. മുപ്പത്തടം, മതിലകം തുടങ്ങിയ സ്ഥലങ്ങളിലൊക്കെ പറ്റിയസ്ഥലം അന്വേഷിച്ചു നട

ന്നു. മെത്രാസന മന്ദിരത്തിനടുത്തുള്ള ദേശത്തുതന്നെ മഠം പണിതാൽ മതിയെന്ന ഉപദേശമനുസരിച്ച് വരാപ്പുഴയ്ക്കടുത്തുള്ള പൂത്തൻ പ ള്ളിയിൽ മഠംപണി ആരംഭിച്ചു. ഉയർന്ന മതിലുകളെല്ലാം നിർമ്മിച്ച് 1861ൽ പൂർത്തീകരിച്ചു. യൂറോപ്പിൽനിന്നും കന്യാസ്ത്രീകളെ വരുത്താനുള്ള ഏർപ്പാടും ചെയ്തു. ആ സമയത്താണ് റോക്കോസ് എന്ന മെത്രാൻ കേരളത്തിലെത്തി സുറിയാനി പള്ളികളെയൊക്കെ വശത്താക്കാൻ ആരംഭിച്ചത്. ഈ പ്രത്യേക സാഹചര്യത്തിലാണ് മാന്നാനത്തുള്ള ചാവറ കുരിയാക്കോസച്ചനെ സുറിയാനിക്കാരുടെ വികാരി ജനറളായി നിയമിച്ചത്. ജനങ്ങളെ നയിക്കാൻ വൈദികരുടെ കുറവ് മനസ്സിലാക്കിയ പിതാവ്, മഠം അല്ല വൈദികരെ വാർത്തെടുക്കുന്ന സെമിനാരിയാണ് ആവശ്യമെന്ന് മനസ്സിലാക്കി പുത്തൻപള്ളിയിലെ മഠം സെമിനാരിയാക്കി മാറ്റി.

1857 കാലത്ത് ബച്ചിനെല്ലി പിതാവ് മാന്നാനത്തെ സന്ന്യാസിനികളെ കൂനമ്മാവിൽ കൊണ്ടുവന്ന് താമസിപ്പിക്കാൻ തുടങ്ങി. അതിൽ ഒരു വൈദികനോട് തന്നെ സംബന്ധിക്കുന്ന ദൈവഹിതം ഏലീശ്വാമ്മ പറഞ്ഞെങ്കിലും അതൊരു ദൈവവിളിയാണെന്ന് അദ്ദേഹത്തിന് മന സ്സിലായില്ല. 1860ൽ കൂനമ്മാവിലെ ത്തിയ ഫാ. ലെയോപ്പോൾഡ് ബെക്കാറോ എന്ന കർമ്മലീത്താ യുവവൈദികന്റെ പക്കൽ 1862ൽ തന്റെ ആത്മീയ ജീവിതത്തെക്കു റിച്ച് വെളിപ്പെടുത്തിയതോടെ അദ്ദേഹം ഇവരെ നിരീക്ഷിക്കാനും ഉപദേശങ്ങൾ നല്കാനും ആരംഭിച്ചു. ഇവരുടെ ജീവിതത്തെക്കുറിച്ച് ലെയോപോൾഡച്ചൻ ബച്ചിനെല്ലി പിതാവിനെ അറിയിക്കുക വഴി അദ്ദേഹം തുടങ്ങാനാരംഭിച്ച സ്ത്രീകളുടെ സഭ ഇവരിലൂടെ പൂർണ്ണമാക്കാൻ വേണ്ടവയെല്ലാം ഒരുക്കിക്കൊടുത്തു. ലെയോ പ്ലോൾഡച്ചനെ അവരുടെ എല്ലാ കാര്യങ്ങളിലും കൈകാര്യം ചെയ്യുവാനും കൂടാതെ ആത്മീയോപദേഷ്ടാവായും വികാരി അപ്പസ്തോലിക്കയുടെ പ്രത്യേക പ്രതിനിധി മ്മായും നിയമിച്ചു. (ബർണ്ണദോസ് ഗ്രാമ പട്ടക്കാരൻ എഴുതിയ മലയാളത്തിലെ കല്ദായ സുറിയാനി റീത്തിൽ ചേർന്ന കർമ്മലീത്താ നിഷ്പാദുക സഭയുടെ ചരിത്രസംക്ഷേപം പേജ് 242ൽ കുറിച്ചു വച്ചിരിക്കുന്നത്).

1864 ജനുവരിയിലാണ് ചാവറ കുര്യാക്കോസച്ചനെ ബച്ചിനെല്ലി ചിതാവ് കൂനമ്മാവിലേക്ക് കൊണ്ടുവരുന്നത്. സുറിയാനി സന്ന്യാസാർത്ഥികളുടെ നോവിസ് മാസ്റ്ററായിരുന്ന ലെയോപ്പോൾഡച്ചനുമായി അപ്പോൾ മുതൽ കുര്യാക്കോസച്ചൻ സൗഹൃദത്തിലായി. ഒന്നേമുക്കാൽ വർഷം കഴിഞ്ഞപ്പോൾ (1865 അവസാനത്തിൽ) ഇരുവരും നടക്കാനിറങ്ങിയ ഒരു സായാഹനത്തിൽ ലെയോപ്പോൾഡച്ചൻ കുര്യാക്കോസച്ചനോട് കൂനമ്മാവിൽ വിശുദ്ധ ജീവിതം നയിക്കുന്ന ഒരു അമ്മയുടെയും മകളുടെയും കാര്യം പറയുകയും അവർക്ക് പുതിയൊരു ജീവിതക്രമം ഒരുക്കിക്കൊടുക്കാനുള്ള ബച്ചിനെല്ലി പിതാവിന്റെ നടപടികളെക്കുറിച്ച് കുര്യാക്കോസച്ചനോട് പറയുകയും അദ്ദേഹത്തിന്റെ അഭിപ്രായം തേടുകയും ചെയ്തു. 1865 ഒക്ടോബർവരെ ഇവരെക്കുറിച്ച് ചാവറ കുര്യാക്കോസച്ചന് ഒരു അറിവുമുണ്ടാ

യിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ നാളാഗമം വാല്യം ഒന്നിലെ പേജ് 174 ൽ കുര്യാക്കോസച്ചൻ തന്നെ കുറിച്ചുവച്ചിരിക്കുന്നു.

യൂറോപ്പിലുള്ള ജനോവയിലെ കന്യാസ്ത്രീമഠത്തിൽ നിന്നും സ്ത്രീകൾക്കുള്ള സന്ന്യാസസഭയ്ക്കുവേണ്ട നിയമങ്ങൾ ബച്ചിനെല്ലി പിതാവ് വരുത്തിക്കുകയും ഈ ദേശത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് ഭേദഗതി ചെയ്ത് ഒപ്പുവച്ച് ലെയോപ്പോൾഡച്ചനെ ഏല്പിക്കുകയും അദ്ദേഹമത് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ഇവർക്ക് നൽകുകും ചെയ്തു.

ഇക്കാലത്ത് പുതുതായി രൂപീകരിക്കുന്ന സന്ന്യാസിനിസഭയ്ക്ക് വേണ്ട ഒരു കെട്ടിടം നിർമ്മിക്കാൻ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. ധാരാളം കുടുംബസ്വത്തുള്ള ഏലീശ്വയും മകളും പിന്നെ ത്രേസ്യയും പാവങ്ങളുടെ ജീവിത ശൈലിയോട് അനുരൂപപ്പെടുമോ എന്നറിയാൻ 1866 ജനുവരിയിൽ അവർക്കായി അവരുടെ വക കഷണ്ടിയാൻപറമ്പിൽ മുള, ഓല എന്നിവകൊണ്ട് പനമ്പുമഠം പണിതു. ആ പനമ്പുമഠത്തിന് മൂന്നു മുറികളും അതിൽ മൂന്നു കട്ടിലുകളും മാത്രം, പിന്നെ ഒരു പ്രാർത്ഥനാമുറിയും ഒരു ഭക്ഷണമുറിയും. (ചാവറയച്ചന്റെ നാളാഗമം ഇംഗ്ലീഷ്, പേജ് 196, 201) ഇതൊക്കെ ലെയോപ്പോൾഡച്ചൻ ഒരുക്കിയ ശേഷമാണ് കുര്യാക്കോസച്ചൻ തന്റെ പരിചയത്തിലുള്ള വൈക്കത്തുകാരി ഏലീശ്വാമ്മയെ ഫെബ്രുവരി 11ന് കൂനമ്മാവിൽ കൊണ്ടുവന്നത്. ആ സമയത്തും വെഞ്ചിരിപ്പിന്റെ സമയത്തും പനമ്പുമഠത്തിൽ മൂന്നു മുറികളും മൂന്നുകട്ടിലും തന്നെയായിരുന്നു ഉണ്ടായിരുന്നത്.

1866 ഫെബ്രുവരി 12ന് 'ഡോക്യുമെന്തും ഇറക്സിയോനിസ്' എന്ന ഡിക്രി വഴി എലീശ്വ, അന്ന. ത്രേസ്യ എന്നീ മൂന്നുപേരെ കർമ്മലീത്താ മൂന്നാം സഭയുടെ അടിസ്ഥാന ശിലകളായി ബച്ചിനെല്ലി പിതാവ് പ്രഖ്യാപിച്ചു അങ്ങനെ കർമ്മലീത്താ സഭയുടെ ഇന്ത്യയിലെ ആദ്യത്തെ മഠം വരാപ്പുഴ അതിരൂപതയിലെ കൂനമ്മാവിൽ പിറവിയെടുത്തു. 13ന് ഏലീശ്വാമ്മ മഠാധിപതിയായി നിയമിക്കപ്പെടുകയും ചുമതലയേല്ക്കുകയും ചെയ്തു. ഇവർ പുതിയ പനമ്പുമഠത്തിൽ താമസമാരംഭിച്ചു. പിറ്റേന്നാണ് കുര്യാക്കോസച്ചൻ കൊണ്ടു വന്ന വൈക്കത്തുകാരി ഏലീശ്വാമ്മയെ ലെയോപ്പോൾഡച്ചൻ മഠത്തിൽ ചേർക്കുന്നത്. കാരണമെന്താ? 1862 മുതൽ നാല് വർഷത്തെ നീണ്ട നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും ഒടുവിലാണ് ആദ്യത്തെ മൂന്നു പേരെ സഭയിൽ ചേരാൻ ലെയോ പ്പോൾഡച്ചന്റെ ശുപാർശയിൽ ബച്ചിനെല്ലി പിതാവ് അനുവദിച്ചത് എന്നാൽ വൈക്കുകാരിയായ എലീശാമ്മയുടെ ആത്മസ്ഥിതി അറിയാൻ ലെയോപോൾഡച്ചന് ലഭിച്ചത് 3 ദിവസം. പുതിയ മഠത്തിന്റെ ഉദ്ഘാടനത്തിരക്കിനിടയിലും എലിശ്വയുമായി സംസാരിക്കുകയും ആത്മസ്ഥിതി മനസിലാക്കുകയും പുതിയ അംഗമായി ചേർക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. അങ്ങനെ 14 -ാം തീയതി കുര്യാക്കോസച്ചൻ വൈക്കത്തുകാരിയെ മഠത്തിന് പുറത്ത് താമസിപ്പിച്ചിരുന്ന വീട്ടിൽനിന്നും മഠത്തിലെത്തിച്ചു.

ലെയോപ്പോൾഡച്ചന്റെ ഉത്തരീയം മുത്തിയശേഷം 'നീ മരണംവരെ ഈ സഹോദരിമാർക്ക് ശുശ്രൂഷ ചെയ്യാൻ സന്നദ്ധയാണോ? എന്ന അച്ഛന്റെ ചോദ്യത്തിന് സമ്മതമറിയിച്ചു. ഏലീശ്വയോട് പുതിയ മഠാധിപതിയുടെ മുന്നിൽ മുട്ടുകുത്തി സന്ന്യാസസഭയിലേക്കുള്ള പ്രവേശനം അഭ്യർത്ഥിക്കാൻ ആവശ്യപ്പെട്ടു. പുതിയ ഏലീശ്വ: 'എന്നെ നിങ്ങളുടെ ശുശ്രൂഷകയായി സ്വീകരിക്കണമേ.

മദർ ഏലീശ്വ : 'ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു. ഞങ്ങളിൽ ഒന്നുപോലെ കൂടപ്പിറപ്പിനെയും കൈക്കൊള്ളുവാനും ദൈവം തരുന്ന ഭിക്ഷ നാം കൈക്കൊണ്ടു പാർപ്പാൻ നൽമനസ്സായിരിക്കുന്നു.

ഇങ്ങനെയാണ് കൂനമ്മാവ് മഠത്തിൽ ആദ്യത്തെ സുറിയാനിക്കാരി ചേരുന്നത്. മഠാധിപയ്ക്കും അവരുടെ സഹായിയായ സ്ത്രീക്കും ഒരേ പേരായതിനാൽ പുതിയ ഏലീശ്വയ്ക്ക് ക്ലാര എന്ന പേരാണ് ലെയോപ്പോൾഡച്ചൻ നല്കിയത്. എന്നിട്ടോ? ആ ചെറിയ മഠത്തിൽ മുകളിൽ വായിച്ചതുപോലെ മൂന്നു മുറി. മൂന്നു കട്ടിൽ. എന്താ ചെയ്ക! ലെയോ പ്പോൾഡച്ചൻ തന്നെ പരിഹാരവും കണ്ടു. മകളായ സിസ്റ്റർ അന്നയോട് അമ്മയുടെ മുറിയിൽ കിടക്കുവാനും അന്നയുടെ മുറി സിസ്റ്റർ ക്ലാരയ്ക്കു നൽകുവാനും ആവശ്യപ്പെട്ടു. ഒരാഴ്ചയ്ക്കകം ഊണുമുറി പകുത്ത് ഒരു കൊച്ചു മുറി പണിത് സിസ്റ്റർ അന്നയ്ക്ക് നല്കി. നാല് മാസത്തിനകം അവർക്ക് പുതിയ മഠത്തിന് തറക്കല്ലിട്ട്, പിന്നീട് രണ്ടുനിലയ്ക്കുള്ള അടിത്തറ ബലപ്പെടുത്തി ബച്ചിനെല്ലി പിതാവ് ഫെബ്രുവരിയിൽ 13 മുറി കെട്ടിടം നിർമ്മിച്ചുകൊടുക്കുന്നതും പണി തീർന്നിട്ട് കുമ്മായം ഉണങ്ങാതിരുന്നതിനാൽ ആരോഗ്യപ്രശ്നം ഉണ്ടാകാതിരിക്കാൻ മാർച്ചിൽ ഉദ്ഘാടനം നടത്തിയതും ചരിത്രം. ഇവരെ പുതിയ മേഖലകളിൽ ശുശ്രൂഷയ്ക്ക് അനുവദിക്കുന്നതും നോവിസ് മിസ്ട്രസ്സായി അന്നയെ നിമയിച്ചതും 1866 ജൂലൈ 20ന് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നല്കാൻ സിസ്റ്റർ ത്രേസ്യയെ കോൺവെന്റ് സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ്സായി നിയമിച്ചതും കൈത്തൊഴിലുകൾ, കരകൗശലപ്പണികൾ, സംഗീതം, ഭാഷ, കണക്ക്, പാചകം എന്നിങ്ങനെ എല്ലാം പഠിപ്പിക്കാനുള്ള സംഗതികളൊക്കെ ഒരുക്കിക്കൊടുത്തതും ചരിത്രത്തിൽ ആദ്യത്തേതാണ്.

ചരിത്രം ഇതായിരിക്കെ, ഏലിശ്വാമ്മയ്ക്കും സഹപ്രവർത്തകർക്കും സ്വന്തം മഠവും പറമ്പും വിട്ടുപോകേണ്ടി വന്നത് എന്തിന്റെ ന്യായത്തിലാണെന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. മഠത്തിലെ അംഗങ്ങളിൽ ഭൂരിപക്ഷം സുറിയാനിക്കാർ ആയതിന്റെ പേരിൽ ഏലീശ്വാമ്മയ്ക്കുശേഷം കാതറിൻ എന്ന സിസ്റ്റർ മഠാധിപതി ആയതോടെ, അക്കാണുന്ന സ്വത്തുക്കളെല്ലാം കണ്ട് ലൗകികമോഹങ്ങളിൽ ആകൃഷ്ടയാകുകയും സുറിയാനിക്കാരായ വൈദികരുടെ പ്രേരണയാൽ പലവിധ ദുഷിച്ച പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ആരംഭിച്ചു. അതിരൂപതയായി വരാപ്പുഴ ഉയർ

ത്തപ്പെട്ടതോടെ സുറിയാനിക്കാരെ വേർതിരിക്കാനുള്ള നടപടികൾ അവരുടെ ആവശ്യപ്രകാരം തുടങ്ങിയിരുന്നു. അങ്ങനെ തൃശൂർ കോട്ടയം എന്നീ പേരുകളിൽ സുറിയാനി വികാരിയാത്തുകൾ രൂപം കൊണ്ടുരണ്ടിന്റെയും അധിപന്മാരായി ലത്തീൻ മെത്രാന്മാർ ആണ് നിയമിതരായത്. തൃശൂർ മെത്രാനായി നിയമിതനായ അഡോൾഫ് മെഡലിക്കോട്ട് പിതാവ് വിദേശി ആയതിനാൽ, അദ്ദേഹത്തിന്റെ സഹായികളായിരുന്ന സുറിയാനിക്കാരായ വൈദികരുടെ ഉപദേശത്താൽ കൂനമ്മാവ് സെന്റ് ഫിലോമിനാ പള്ളിയും ആശ്രമവും മഠവും തൃശൂർ വികാരിയാത്തിന്റെ അധികാരപദവിയിലാണെന്ന വാദം ഉയരുകയും പള്ളി അടപ്പിക്കുകയും റോം തീർപ്പ് കല്പിക്കാനുള്ള നടപടികളുമായി ഇവർ മുന്നേറുകയും ചെയ്തു.

താമസംവിന കിഴക്കേ ഇന്ത്യയുടെ ഡലഗേറ്റ് അപ്പസ്തോലിക്ക അന്ത്രയോസ് അയൂത്തി ലത്തീൻകാര് പ്രശ്നക്കാരല്ല എന്ന് മനസ്സിലാക്കുകയും പ്രശ്നക്കാരായവരെ അനുനയിപ്പിക്കാൻ, കൂനമ്മാവ് പള്ളിയിലും ആശ്രമത്തിലും ഏതാനും നാൾ താമസിച്ചതിന്റെ പേരിൽ സുറിയാനിക്കാർക്ക് വലിയൊരു തുക നഷ്ടപരിഹാരം വിധിക്കുകയും അത് ലഭിച്ച മുറക്ക് പോകാൻനേരം അവർ പള്ളിയിൽനിന്നും പലതും കൈക്കലാക്കുകയും ചെയ്തു. അതോടൊപ്പം കൂനമ്മാവ് മഠം ലത്തീൻകാരാൽ സ്ഥാപിതമായിട്ടും അവരുടെ സ്വന്തം ഏക്കറുകണക്കിന് സ്ഥലത്തുനിന്നും വെറുംകൈയോടെ ഇറക്കിവിടുകയും ചെയ്തു. പിന്നീട് സത്യം തിരിച്ചറിഞ്ഞ മെഡലിക്കോട്ട് പിതാവ് സിസ്റ്റർ കാതറിനോട് വിശദീകരണം ചോദിക്കുകയും ഗുണദോഷിക്കുകയും ചെയ്തു. മഠവും വസ്തുവകകളും കിട്ടാൻവേണ്ടി അങ്ങനെയൊക്കെ എഴുതിപ്പോയി' എന്ന വിശദീകരണത്തിന് പിതാവിന്റെ ഗുണദോഷിക്കൽ ഇങ്ങനെയായിരുന്നു. ആവിലയിലെ വിശുദ്ധ അമ്മത്രേസ്യയുടെ നിയമങ്ങളോട് കൂറ് കാണിക്കുന്നത് എല്ലാ ഭൗതികനേട്ടങ്ങളെക്കാളും എന്തുകൊണ്ടും വലിയനേട്ടമാണ്.'

ലെയോപ്പോൾഡ് അച്ചന്റെ സുഹൃത്തായിരുന്നു എന്നതിന്റെ പേരിൽ ചാവറ കുര്യാക്കോസച്ചനെ സഭയുടെ സ്ഥാപകനാക്കിയ വിദ്യ മനസിലായല്ലോ. ഒട്ടകത്തിന് തലവയ്ക്കാൻ അനുമതി കൊടുത്തു എന്നതിന്റെ പേരിൽ സ്ഥാപിക എന്ന പദവിയും സ്വന്തമായുണ്ടായിരുന്ന സർവ്വതും നഷ്ടപ്പെട്ടു. ഒട്ടകത്തെ കൂടാരത്തിൽ കയറ്റാൻ നേരം പറഞ്ഞതുപോലെ തികച്ചും ഭിക്ഷക്കാരിയാകേണ്ടി വന്ന മദർ ഏലീശ്വ ഇന്ന് ദൈവസന്നിധിതിൽ ധന്യയായിരിക്കുന്നു. കോടി കണക്കിന് വിലവരുന്ന സ്വത്തുക്കളൊന്നും വേണ്ട, ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട സ്ഥാപകപദവിയെങ്കിലും ക്രിസ്ത്യാനികൾ എന്ന നിലയിൽ ഇന്ന് സി.എം.സി. എന്നറിയപ്പെടുന്ന സഭ കൊടുക്കേണ്ടതാണ് കാരണം. കള്ള സാക്ഷ്യം പറയരുതെന്ന പ്രമാണവും അന്യന്റെ വസ്തുക്കൾ മോഹിക്കരുതെന്ന പ്രമാണവും പരസ്യമായി ലംഘിച്ചിരിക്കുന്ന ..സി.എം.സി. സന്യാസസഭകൾ ക്രൈസ്തവ

മൂല്യങ്ങളിൽ വളരേണ്ടത്. എലീശ്വാമ്മ തങ്ങളുടെ സഭയിലെ ആദ്യ അംഗമെന്ന സൗജന്യമല്ല വേണ്ടത്. സത്യം തന്നെയായ ക്രിസ്തുവിനെ വഹിക്കുന്നവരാണ ഈ രണ്ട് സഭകളിലെയും സന്ന്യസ്തരെങ്കിലും ഇനിയും സമയം വൈകിയിട്ടില്ല. ചാവറ കുര്യാക്കോസച്ചന്റെ വെട്ടിത്തിരുത്താത്ത നാളാഗമം, അല്ലെങ്കിൽ കർമ്മലീത്ത മൂന്നാം സഭയുടെ വികലമാക്കാത്ത നാളാഗമം പുതു തലമുറ സന്ന്യസ്തർ ഒരാവർത്തി വായിക്കുക.

കെട്ടിടം പണിയാൻ പുറമേനിന്ന് കൊണ്ടുവരുന്ന ജോലിക്കാരുടെ സ്ഥാനമല്ല, ഒരു സഭ സ്ഥാപിതമാകാൻ വേണ്ടത്. അതിന് സിദ്ധിയും നല്ലൊരു മുന്നൊരുക്കവുമെല്ലാം വേണ്ടതുണ്ട്. വർഷങ്ങളുടെ ഒരു ക്കവും നീണ്ട തപശ്ചര്യകളും അതിജീവിച്ച്, അധികാരികളുടെ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും വിജയിച്ച്, അവരുടെ സ്വന്തം സ്വത്തുപയോഗിച്ച് പണിത സ്വന്തം മഠത്തിൽനിന്നും വെറും കൈയോടെ ആട്ടിപ്പായിച്ച 'ഉത്തരിപ്പുകടം' വിട്ടേണ്ടേ നിങ്ങൾക്ക്? എറണാകുളത്ത് ജന്മമെടുത്ത പുതിയ സന്ന്യാസസഭയുടെ സ്ഥാപിക ദൈവദാസി മദർ തെരേസ് ഓഫ് സെന്റ് റോസ് ഓഫ് ലീമ അന്ന് അവർക്ക് അഭയം കൊടുത്തില്ലായിരുന്നുവെങ്കിൽ ദൈവസന്നിധിയിൽ ഒന്ന് നോക്കാൻപോലും നിങ്ങൾക്ക് സാധിക്കുമായിരുന്നോ? നിങ്ങളുടെ പ്രത്യേക ചുമതലയുണ്ടായിരുന്ന വരാപ്പുഴയുടെ പിന്തുടർച്ചാവകാശമുള്ള സഹായമെത്രാൻ മർസലിൻ ബരാർഡി പിതാവ് എത്രയും വേഗം വരാപ്പുഴയിൽ മഠം പണിത് അവരെ സ്വീകരിച്ചില്ലായിരുന്നുവെ ങ്കിൽ ദൈവതിരുമുമ്പിൽ നിങ്ങളുടെ അവസ്ഥ എന്താകുമായിരുന്നുവെന്ന് ഒന്നാലോചിച്ചു നോക്കൂ,

അതെ, അവിടെയാണ് സ്വന്തമായി ഉണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ച് ഭിക്ഷക്കാരിയായ മദർ ഏലീശ്വായുടെ മഹത്വം തെളിയുന്നത്. അമ്മത്രേസ്യയുടെ നിയമങ്ങൾ സ്വയം ആവാഹിച്ച് ഒരു ജീവിതം പൂർത്തിയാക്കിയവളുടെ ധന്യത, ദൈവം കൈക്കൊള്ളുമ്പോൾ, അതേപേരിൽ നിയമങ്ങളെ ലൗകികനേട്ടത്തിനായി വിനിയോഗിച്ച് സമ്പത്തിന്റെ പേരിൽ? സ്ഥാപകന്റെ പേരിൽ ക്രിസ്തുവിന് എതിർസാക്ഷ്യമായി മാറുമ്പോൾ ഒന്നോർക്കുക; സിസ്റ്റർ ഡോ. ജോസി സി.എം.സി. എഴുതിപ്പിടി പ്പിച്ചതുപോലെയല്ല ചരിത്രം. പുത്തൻപള്ളിയിൽ കുര്യാക്കോസ ച്ചൻ തയ്യാറാക്കി നിർത്തിയ 33 വനിതകളിൽ ഒരാളെങ്കിലും കൂനമ്മാവിൽ 'ചാവറ കുര്യാക്കോസച്ചൻ സ്ഥാപിച്ച മഠത്തിൽ' ചേർന്നിരുന്നുവെങ്കിൽ കഥ ചേർന്നുപോയേനേ!!! ധന്യപദവിയിലെത്തിയ മദർ ഏലീശ്വ സ്വർഗ്ഗത്തിലിരുന്ന് കൂനമ്മാവ്കാരെ താൻ പഠിപ്പിച്ച കൊന്തകെട്ടും വെന്തിങ്ങ നിർമ്മാണവും ഒക്കെ അടങ്ങിയ അക്കാലത്തെ സത്യങ്ങൾ അയവിറക്കി പുതിയ കഥാകൃത്തുക്കളെ നോക്കി പ്രാർത്ഥിക്കുന്നുണ്ടാകും. കാരണം മദറിന് അതേ അറിയൂ. ധന്യേ ഏലീശ്വേ! എത്രയും വേഗം വിശുദ്ധ പദവിയിൽ എത്തി ഏവർക്കും അനുഗ്രഹമേകണമേ.

# ഇടവക വാർത്തകൾ

ചാത്തൻതറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ നവീകരിച്ച സെമിത്തേരി ആശീർവദിച്ചു. പഴയ സെമിത്തേരി തുടർന്ന് ഉപയോഗിക്കുവാൻ സാധ്യമല്ലാത്തതിനാൽ അതിനോട് ചേർന്ന് പുതിയ 12 സെല്ലുകൾ നിർമ്മിച്ചു. മുണ്ടക്കയം ഫൊറോന വികാരി ബഹു. ടോം ജോസച്ചൻ സെമിത്തേരി ആശീർവാദം നടത്തി. ഇടവക വികാരി ബ്രിട്ടോ വില്ലുകുളം അച്ചൻ, കൊല്ലമുള്ള മരിയ ഗൊരേത്തി ഇടവകാംഗം ബഹു. കുര്യാക്കോസ് നടുപ്പറമ്പിൽ അച്ചൻ എന്നിവർ സന്നിഹിതരായിരുന്നു.



സന്യസ്ഥദിനം : കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ സന്യസ്ഥദിനം ആഘോഷിച്ചു. വി. കുർബ്ബാനയ്ക്കു ശേഷം കൂടിയ യോഗത്തിൽ സൺഡേ സ്കൂൾ അദ്ധ്യാപകൻ ജിൻസൺ ബേബി സ്വാഗതം അർപ്പിച്ചു. യോഗത്തിന്റെ അദ്ധ്യപദം അലങ്കരിച്ച ബഹുമാനപ്പെട്ട വികാരി ജോഷി വല്ലത്തുംചിറ സന്യസ്ഥദിന സന്ദേശം നൽകുകയും സന്യസ്ഥജീവിതത്തിലേക്ക് കടന്നുവരാൻ യുവജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. സൺഡേ സ്കൂൾ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുന്ന സിസ്റ്റർ റോസ്ലിനെ യോഗത്തിൽ ആദരിച്ചു. തന്റെ സന്യസ്ഥ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സിസ്റ്റർ സംസാരിക്കുകയും ചെയ്തു. സൺഡേ സ്കൂൾ അദ്ധ്യാപിക ഷിജി ഗബ്രിയേൽ വിദ്യാർത്ഥി പ്രതിനിധി ആൻമരിയ മാത്യു എന്നിവർ സി. റോസ്‌ലിന് ആശംസകൾ അർപ്പിച്ചു. അധ്യാപിക നീതു ജോസ് യോഗത്തിന് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

പാക്കിൽ സെന്റ് തെരേസാസ് ദൈവാലയത്തിലെ എൽഡേഴ്സ് ഫോറത്തിന്റെ വാർഷിക സമ്മേളനം പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ഫെബ്രുവരി മാസം 17ന് രാവിലെ 9.30ന് നടത്തപ്പെട്ടു. യോഗം ബഹുമാനപ്പെട്ട റവ.ഫാ ജോസഫ് പൂവത്തിങ്കൽ ഉദ്ഘാടനം ചെയ്തു. യോഗത്തിന് ഫോറം പ്രസിഡന്റ് ശ്രീ. സൈമൺ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ബഹു. വികാരി റവ.ഫഫാ. സെബാസ്റ്റ്യൻ ഓലിക്കര, കെ.എൽ. സി.എ. രൂപതാ പ്രസിഡന്റ്, പാരീഷ് കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. എബി. കന്നേപ്പറമ്പിൽ എന്നിവർ ആശംസകൾ അറിയിച്ചു. ശ്രീ. ജോർജ് മാത്യു വാർഷിക റിപ്പോർട്ടും ശ്രീ. തങ്കച്ചൻ കാരിമറ്റം വാർഷിക കണക്കും അവതരിപ്പിച്ചു.



---



പ്രീമാര്യേജ് കോഴ്സ് – ഫെബ്രുവരി ബാച്ച്


**അനുയോജ്യരായ പെൺകുട്ടികളെ ആവശ്യമുണ്ട്**

Name : **Arun Johny**
DOB : 28/08/1992
Education : BCOM
Height : 165
JOB : CNC (Computer Numerical Control) Programming and Operating in Dubai
Cast : Christian Cherammar
Family : Father, Mother, Brother
Contact No. : 7994854641





കുട്ടിക്കാനം വിമല ഹൃദയ ദേവാലയത്തിൽ മതബോധന
തിരുബാല സഖ്യ കുട്ടികളുടെ നേതൃത്വത്തിൽ തിരുബാലസഖ്യ ദിനം
സാഘോഷം നടത്തപ്പെട്ടു.



തൊടുപുഴ വി. മദർതെരേസ ദേവാലയത്തിൽ ഫെബ്രുവരി 11 ന് തിരുബാലസഖ്യദിനാഘോഷം വികാരിയച്ചൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.



മൂവാറ്റുപുഴ ക്രിസ്തരാജ മതബോധന കേന്ദ്രം
തിരുബാലസഖ്യ ദിനം ആചരിച്ചു.

## വിവാഹ ഒരുക്ക സെമിനാർ

അടുത്ത വിവാഹ ഒരുക്ക സെമിനാർ കോട്ടയത്തു വച്ച് 2024 മാർച്ച് 20,21,22 (ബുധൻ, വ്യാഴം, വെള്ളി ) തീയതികളിലാണ് നടത്തപ്പെടുന്നത്. ഇരുപതാം തീയതി രാവിലെ ഒൻപതു മണിക്ക് ആരംഭിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുവാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യ പത്രം, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടു വരേണ്ടതാണ്.

രജിസ്ട്രേഷൻ ഫീസ് 1750 രൂപ. സെമിനാറിന്റെ അവസാന ദിവസം ഇരുപത്തി രണ്ടാം തീയതി രാവിലെ 9.30 ന് മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ മാതാപിതാക്കളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

***വിളിക്കേണ്ട നമ്പർ :***

1. **Mr. Reji John - 9747713183, 9961144628**
2. **Fr. Joseph Babu Poovathumkal - 8606019352**
   (Co ordinator Minitsry of Family Apostolate)

## വീണ്ടും സ്വർണ്ണ തിളക്കവുമായി ശ്രീ. മേരി പിയ



**ചങ്ങനാശ്ശേരി:** ഗോവയിൽ നടന്ന ആറാമത് ദേശീയ മാസ്റ്റേഴ്സ് ടൂർണമെന്റിൽ മത്സരിച്ച് മൂന്നിനങ്ങളിലും സ്വർണ്ണ തിളക്കവുമായി ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവകാംഗം മേരി പിയ.

45 പ്ലസ് 50 പ്ലസ് ഇനങ്ങളിൽ നടന്ന ഹാൻഡ് ബോൾ, 30 പ്ലസ് ഫുട്ബോൾ എന്നിവയിൽ വിജയിച്ച കേരള ടീം അംഗമായ പിയ കഴിഞ്ഞവർഷം ഉത്തർപ്രദേശിലെ വാരണാസിയിൽ നടന്ന മാസ്റ്റേഴ്സ് ഗെയിംസിലും ഹാൻഡ്ബോൾ, അത്‌ലറ്റിക്സിലും സ്വർണ്ണ മെഡൽ നേടിയിരുന്നു. വിദ്യാർത്ഥിനിയായിരിക്കെ കേരള യൂണിവേഴ്സിറ്റി ടീമിന് വേണ്ടിയും മത്സരിച്ച് സ്വർണ്ണം നേടിയിട്ടുണ്ട്. പൂങ്കാവിൽ നെൽസൺ പീറ്ററിന്റെ ഭാര്യയാണ്. മക്കൾ ആനറ്റ്, ലിനറ്റ്.

# വി.എസ്.എസ്.എസ്. വാർത്തകൾ

## സന്നദ്ധ പ്രവർത്തകയോഗം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ രോഗി സഹായപദ്ധിയായ ആശാകിരണത്തിന്റെ സന്നദ്ധപ്രവർത്തക ത്രൈമാസയോഗം കരിക്കാട്ടൂർ, പൊതി, പുല്ലരിക്കുന്ന്, മഠത്തുഭാഗം എന്നിവിടങ്ങളിൽ ബഹു. ഫാ. സണ്ണിഫിലിപ്പ്, ഫാ. സേവ്യർ മാമ്മൂട്ടിൽ, ഫാ. തോമസ് പഴവക്കാട്ടിൽ, ഫാ. ബ്രിനിറ്റ് എന്നിവരുടെ അദ്ധ്യക്ഷതയിൽ നടന്നു. സ്തനാർബുധ, ശ്വാസകോശാർബുദബോധവത്ക്കരണം, ക്രിസ്മസ് ചാലഞ്ച്, രോഗീ സന്ദർശനം, സാമ്പത്തിക സഹായം, കാൻസർ ദിനാചരണം, നോമ്പുകാല പ്രവർത്തനങ്ങൾ ഇവയിൽ വിലയിരുത്തലും തുടർ ആസൂത്രണവും നടന്നു. സൊസൈറ്റി അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കാപ്പറമ്പിൽ, കോ-ഓർഡിനേറ്റർ പ്രമീല ജോർജ് എന്നിവർ യോഗങ്ങളിൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി. 112 പേർ പങ്കെടുത്തു.

## സൗജന്യ നേത്രപരിശോധന ക്യാമ്പ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിൽ പ്രവർത്തിക്കുന്ന മുതിർന്നവരുടെ വേദി (എൽഡേഴ്സ് ഫോറം) യിലെ അംഗങ്ങൾക്കായി കാഞ്ഞിരപ്പാറയിൽ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ നേത്രപരിശോധനാ ക്യാമ്പ് മേഖലാ പ്രസിഡന്റ് ഫാ. വർഗീസ് ആലുങ്കലിന്റെ അദ്ധ്യക്ഷതയിൽ വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.പി. റെജി ഉദ്ഘാടനം ചെയ്ചു. വികാരി ഫാ. ഏബ്രഹാം കാളിയത്ത് വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര , പഞ്ചായത്തംഗം ശോശാമ്മ, കോ-ഓർഡിനേറ്റർ സി. സൂസൻ, ആനിമേറ്റർ മറിയാമ്മ സാബു എന്നിവർ സംസാരിച്ചു. 104 പേർ പങ്കെടുത്തു. അർഹരായ 43 പേർക്ക് സൗജന്യ നിരക്കിൽ കണ്ണടകൾ വിതരണം ചെയ്തു.

---

**ആശാകിരണം പദ്ധതിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ചു നൽകിയതും വി.എസ്.എസ്.എസ് വഴി ചികിത്സാ സഹായം നൽകിയതും**

| | | | |
|---|---|---|---|
| പുല്ലരിക്കുന്ന് | - 3000/- | **ചികിത്സാസഹായം** | |
| വനവാതൂക്കര | - 2800/- | അമയന്നൂർ | - 10000/- |
| പൊതി | - 5000/- | പുല്ലരിക്കുന്ന് | - 7000/- |
| കുന്നുംഭാഗം | - 1500/- | നട്ടാശ്ശേരി | - 6000/- |
| മാരാമൺ | - 10000/- | പൊതുവായത് | - 5000/- |



വിജയപുരം രൂപതയിലെ
ആൺകുട്ടികൾക്ക്
പഠനത്തോടൊപ്പം
താമസ സൗകര്യവും
ഹോളിഫാമിലി
വിമലഹൃദയ
സ്റ്റുഡൻസ് റസിഡൻസ്, കഞ്ഞിക്കുഴി
ആധുനിക പഠന സംവിധാനങ്ങൾ
മികച്ച നിലവാരമുള്ള താമസ സൗകര്യങ്ങൾ
കോട്ടയത്തെ മികവിന്റെ കേന്ദ്രമായ
ഹോളിഫാമിലി ഹയർ സെക്കണ്ടറി സ്കൂളിൽ പഠനം
വിദ്യാഭ്യാസ ഔൽസിക്യ പരിപാടി
മികച്ച അധ്യാപകരുടെ നേതൃത്വത്തിൽ
വ്യക്തിഗത ശ്രദ്ധ
സമൂഹത്തിലെ ഉന്നത തസ്തികകളിലേക്ക്
എത്തിപ്പെടാനുള്ള പരിശീലന പരിപാടികൾ
പ്രവേശനം: 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന
വിദ്യാർത്ഥികൾക്ക്
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
ഫാ. എഡ്വിൻ അഗസ്റ്റിൻ കടവത്ര
ഡയറക്ടർ, റസിഡൻസ് അഡ്മിഷൻ
ഫോൺ: 9495963199, 9447820245
ശ്രീ. ബിജു വി.എം.
9447660136
(ഹെഡ്മാസ്റ്റർ)
ശ്രീമതി ബിന്ദുമോൾ വി.സി
9447139613
(സ്കൂൾ അഡ്മിഷൻ)



കാർമൽഗിരി പൊന്തിഫിക്കൽ സെമിനാരി സന്ദർശിച്ച
അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിനെ സെമിനാരി റെക്ടർ പെരിയ
ബഹുമാനപ്പെട്ട ചാക്കോ പുത്തൻപുരക്കൽ ബൊക്കെ നൽകി സ്വീകരിച്ചപ്പോൾ.




വൈശ്യംഭാഗം ഹോളിക്രോസ് റോമൻ കത്തോലിക്കാ പള്ളിയുടെ പ്രവേശനകവാടത്തിൽ ബഹു. ഐസക്ക് അഞ്ചിൽ അച്ചന്റെ പാവനസ്മരണയ്ക്കായി സമർപ്പിച്ചിരിക്കുന്ന പുതുതായി നിർമ്മിച്ച ആർച്ച്.

MARCH 2024
Vol. 17 • Issue 3
Published on
1th March 2024

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
भारत सरकार का उपक्रम
Union Bank of India
A Government of India Undertaking

Kodimatha Branch
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം

- ഗ്രാമിന് പരമാവധി 4722 രൂപ വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക്:
0481-2581213, 8369774730, 7012204575



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180